2023
MARCH
03
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
WAYA BEAN
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621



## അവശ്യ മെഡിക്കൽ ഉപകരണങ്ങൾ

# ലാഭവിഹിതത്തിനുള്ള നിയന്ത്രണം തുടരും

**ന്യൂഡൽഹി:** രാജ്യത്തു കോവിഡ് വീണ്ടും ശക്തമായിരിക്കെ, അവശ്യ മെഡിക്കൽ ഉപകരണങ്ങളുടെ വിലയിൽ ഈടാക്കാവുന്ന പരമാവധി ലാഭവിഹിതത്തിനുള്ള നിയന്ത്രണം തുടരും. ഫാർമസ്യൂട്ടിക്കൽ മന്ത്രാലയത്തിന്റെ വിജ്ഞാപന പ്രകാരം, പൾസ് ഓക്സി മീറ്റർ, ബിപി മോണിറ്ററിങ് മെഷീൻ, നെബുലൈസർ, ഡിജിറ്റൽ തെർമോമീറ്റർ, ഗ്ലൂക്കോമീറ്റർ എന്നിവയുടെ വിൽപനയിൽ ജൂൺ 30 വരെ നിയന്ത്രണം തുടരും. ഇവയുടെ വിൽപനയിൽ 709 ശതമാനം വരെ ഇടനിലക്കാർക്കു ലഭിച്ചിരുന്നുവെന്നാണു സർക്കാർ വിലയിരുത്തൽ. കോവിഡ് സാഹചര്യത്തിലാണ് ഇതിനു നിയന്ത്രണം വന്നതും പരമാവധി ലാഭം 70 ശതമാനം വരെ പാടുള്ളുവെന്ന നിർദേശം വന്നതും. ഓക്സിജൻ സിലിണ്ടറുകളുടെ കാര്യത്തിലും ജൂൺ 30 വരെ സമാന നിയന്ത്രണം തുടരുമെന്നു ഫാർമസ്യൂട്ടിക്കൽ മന്ത്രാലയം അറിയിച്ചു.

## വിദേശ വ്യാപാര നയം

# ലക്ഷ്യം 2 ലക്ഷം കോടി ഡോളർ കയറ്റുമതി



**ന്യൂഡൽഹി:** രാജ്യത്തു നിന്നുള്ള കയറ്റുമതിയുടെ മൂല്യം 2030ന് അകം 2 ലക്ഷം കോടി ഡോളറായി ഉയർത്തുമെന്ന് പ്രഖ്യാപിച്ച് വിദേശ വ്യാപാര നയം കേന്ദ്ര സർക്കാർ പുറത്തിറക്കി. 5 വർഷത്തേക്കുള്ള നയം പ്രഖ്യാപിക്കുന്ന പതിവു രീതി വിട്ട്, ആവശ്യമനുസരിച്ച് എപ്പോൾ വേണമെങ്കിലും പുതുക്കാൻ വ്യവസ്ഥ ചെയ്താണു കേന്ദ്ര വാണിജ്യ മന്ത്രി പീയുഷ് ഗോയൽ നയം പുറത്തിറക്കിയത്. നയം ഇന്നു മുതൽ നിലവിൽ വരും.

വിദേശ രാജ്യങ്ങളുമായുള്ള വ്യാപാര ഇടപാടുകൾ ഡോളറിനു പകരം ഇന്ത്യൻ രൂപയിലാക്കാൻ ശ്രമം നടത്തും. രൂപയെ ആഗോള കറൻസിയായി മാറ്റുകയാണു ലക്ഷ്യം. ഡോളർ ക്ഷാമം നേരിടുന്ന രാജ്യങ്ങളുമായി രൂപയിൽ ഇടപാടു നടത്താൻ ഇന്ത്യ തയാറാണെന്ന് കേന്ദ്ര വാണിജ്യ സെക്രട്ടറി സുനിൽ ബർത്വാൾ വ്യക്തമാക്കി. റഷ്യ ഉൾപ്പെടെയുള്ള രാജ്യങ്ങളുമായുള്ള വ്യാപാര ബന്ധം ദൃഢമാക്കാൻ ഇതു സഹായിക്കുമെന്നാണു വിലയിരുത്തൽ.

സംസ്ഥാന, ജില്ലാ അടിസ്ഥാനത്തിൽ കയറ്റുമതിക്ക് അനുയോജ്യമായ ഉൽപന്നങ്ങൾ കണ്ടെത്തും. വിദേശ രാജ്യങ്ങളിലെ ഇന്ത്യൻ നയതന്ത്ര കാര്യാലയങ്ങളുമായി സഹകരിച്ച് അവയുടെ കയറ്റുമതിക്കു വഴിയൊരുക്കും.കയറ്റുമതിയിൽ വീഴ്ച വരുത്തിയ സ്ഥാപനങ്ങൾക്ക് ഒറ്റത്തവണ ഇളവ്. കസ്റ്റംസ് ഡ്യൂട്ടി കുടിശികയും പലിശയും അടച്ച് ഇളവ് നേടാം. കയറ്റുമതിയിൽ മികവു പുലർത്തുന്ന സ്ഥാപനങ്ങൾക്കുള്ള അംഗീകാര മുദ്ര (സ്റ്റാർ ട്രേഡിങ് ഹൗസ്) ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകൾ ലളിതമാക്കും. വാരാണസി, ഫരീദാബാദ്, മൊറാദാബാദ്, മിർസപുർ എന്നിവ ഇനി മുതൽ കയറ്റുമതിയിൽ മികവിന്റെ നഗരങ്ങൾ.

കയറ്റുമതിക്കു യോഗ്യമായ ഉൽപന്നങ്ങൾ നിർമിക്കുന്നതിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ ഇറക്കുമതിയിൽ ബാറ്ററി ഇലക്ട്രിക് വാഹനങ്ങൾ, വെർട്ടിക്കൽ ഫാമിങ് ഉപകരണങ്ങൾ, ഹരിത ഹൈഡ്രജൻ, വസ്ത്ര മേഖലകൾക്ക് ഇളവ് അനുവദിക്കും.കുറിയർ സർവീസ് വഴി ഒറ്റ ശേഖരമായി (കൺസൈൻമെന്റ്) 10 ലക്ഷം രൂപ വരെ വിലയുള്ള ഉൽപന്നം വിദേശത്തേക്ക് അയയ്ക്കാം. നിലവിൽ പരിധി 5 ലക്ഷമാണ്.ഓൺലൈൻ വഴിയുള്ള ഉൽപന്നങ്ങളുടെ കയറ്റുമതി പ്രോൽസാഹിപ്പിക്കും. ലക്ഷ്യം 2030ന് അകം 30,000 കോടി ഡോളറിന്റെ കയറ്റുമതി.

### എയർ ഇന്ത്യ വിമാന ടിക്കറ്റ് ബുക്കിങ്ങിന് ഏകീകൃത സംവിധാനം



**കൊച്ചി:** എയർ ഇന്ത്യ എക്സ്പ്രസ്, എയർഏഷ്യ എയർലൈനുകളുടെ കൂടിച്ചേരലിന്റെ ഭാഗമായി ഏകീകൃത റിസർവേഷൻ സംവിധാനവും വെബ്സൈറ്റും പൊതുവായ സോഷ്യൽ മീഡിയ, കസ്റ്റമർ സപ്പോർട്ട് ചാനലുകൾ രൂപീകരിക്കുകയും ചെയ്തതായി എയർ ഇന്ത്യ ഗ്രൂപ്പ്. യാത്രക്കാർക്ക് പുതിയ വെബ്സൈറ്റായ airindiaexpress.com വഴി ആഭ്യന്തര, രാജ്യാന്തര വിമാന ടിക്കറ്റുകൾ ബുക്ക് ചെയ്യാനും ചെക്ക്ഇൻ ചെയ്യാനും കഴിയും. എയർ ഏഷ്യയെ എയർ ഇന്ത്യ ഏറ്റെടുത്ത് അഞ്ചു മാസത്തിനു ശേഷമാണ് ഏകീകരണം വരുന്നത്.

### ടയറുകളുടെ ഗുണനിലവാര മാനദണ്ഡം: 2024 ജനുവരി ഒന്നിലേക്ക് നീട്ടി

**ന്യൂഡൽഹി:** ടയറുകളുടെ പുതിയ ഗുണനിലവാര മാനദണ്ഡം നടപ്പാക്കാനുള്ള സമയം 2024 ജനുവരി ഒന്നിലേക്ക് നീട്ടി. കാറുകൾ, ബസുകൾ മറ്റ് ഹെവി വാഹനങ്ങൾ എന്നിവയ്ക്കായി നിർമിക്കുന്ന ടയറുകൾ ഇന്ധനക്ഷമത ഉറപ്പുവരുത്തുന്നതും അപകടസാധ്യത കുറയ്ക്കുന്നതുമായിരിക്കണമെന്നാണ് വ്യവസ്ഥ. റോളിങ് റെസിസ്റ്റൻസ് മാനദണ്ഡങ്ങൾ, നനഞ്ഞ റോഡിലെ സഞ്ചാരത്തിനു കൂടുതൽ സുരക്ഷ ഉറപ്പാക്കുന്ന 'വെറ്റ് ഗ്രിപ്പ്' മാനദണ്ഡങ്ങൾ ജനുവരി ഒന്നു മുതൽ പാലിക്കണം.ടയറുകൾക്ക് റേറ്റിങ് ഏർപ്പെടുത്താനുള്ള നീക്കത്തിന്റെ ഭാഗമായാണ് പുതിയ ചട്ടങ്ങളെന്നാണ് വിലയിരുത്തൽ. യുണൈറ്റഡ് നേഷൻസ് ഇക്കണോമിക് കമ്മിഷൻ ഫോർ യൂറോപ്പിന്റെ ചട്ടങ്ങളുമായി യോജിച്ചുപോകുന്നതാണ് പുതിയ ഉത്തരവ്.

# എണ്ണ ഉൽപാദനം വെട്ടിക്കുറയ്ക്കുമെന്ന് സൗദിയും ഒപെക് പ്ലസ് രാജ്യങ്ങളും

**റിയാദ്:** എണ്ണം ഉൽപാദനം വെട്ടിക്കുറയ്ക്കുമെന്ന അപ്രതീക്ഷിത പ്രഖ്യാപനവുമായി സൗദി അറേബ്യയും മറ്റ് ഒപെക് പ്ലസ് രാജ്യങ്ങളും. രാജ്യാന്തര വിപണിയിൽ വില സ്ഥിരത ലക്ഷ്യമിട്ടാണ് നീക്കം. എല്ലാ രാജ്യങ്ങളും ചേർന്നു പ്രതിദിനം 1.5 ദശലക്ഷം ബാരലിലേറെ ഉൽപാദനം കുറയ്ക്കും. മേയ് മുതൽ ഈ വർഷം വരെ സൗദി അറേബ്യ പ്രതിദിനം 5,00,000 ബാരൽ എണ്ണം ഉൽപാദനം കുറയ്ക്കും. 2023 അവസാനം വരെ ഉൽപാദനം 5,00,000 ബാരൽ വെട്ടിക്കുറയ്ക്കുമെന്ന് റഷ്യൻ ഉപപ്രധാന മന്ത്രിയും സ്ഥിരീകരിച്ചു.




യുഎഇ, കുവൈത്ത്, ഇറാഖ്, ഒമാൻ, അൽജീരിയ എന്നിവയുൾപ്പെടെ മറ്റ് ഒപെക് പ്ലസ് രാജ്യങ്ങളും ഇതേ കാലയളവിൽ ഉൽപാദനം വെട്ടിക്കുറയ്ക്കുമെന്നു പ്രഖ്യാപിച്ചു. യുഎഇ ഉൽപ്പാദനം 1,44,000 ബാരൽ കുറയ്ക്കുമെന്ന് അറിയിച്ചപ്പോൾ കുവൈത്ത് 1,28,000 ബാരൽ വെട്ടിക്കുറച്ചു. ഇറാഖ് 2,11,000 ബാരലും ഒമാൻ 40,000 ബാരലും അൽജീരിയ 48,000 ബാരലും കുറയ്ക്കും. തിങ്കളാഴ്ച ഒപെക് പ്ലസ് രാജ്യങ്ങളുടെ മിനിസ്റ്റീരിയൽ പാനൽ യോഗം ചേരാനിരിക്കെയാണ് അപ്രതീക്ഷിത പ്രഖ്യാപനം.

കഴിഞ്ഞ ഒക്ടോബറിൽ, നവംബർ മുതൽ വർഷാവസാനം വരെ 2 ദശലക്ഷം ബാരൽ ഉൽപാദനം വെട്ടിക്കുറയ്ക്കുമെന്ന് ഒപെക് പ്ലസ് രാജ്യങ്ങൾ അറിയിച്ചിരുന്നു. എന്നാൽ, വില വർധനയ്ക്കു കാരണമാകുമെന്ന് ചൂണ്ടിക്കാട്ടി ഈ തീരുമാനത്തെ യുഎസ് എതിർത്തിരുന്നു. സാമ്പത്തിക വളർച്ചയെ പിന്തുണയ്ക്കുന്നതിനും യുക്രയ്ൻ യുദ്ധത്തിന് റഷ്യൻ പ്രസിഡന്റ് വ്ലാഡിമിർ പുട്ടിനു കൂടുതൽ ധനസഹായം ലഭിക്കാതിരിക്കുന്നതിനും എണ്ണവില കുറഞ്ഞിരിക്കേണ്ടത് ആവശ്യമാണെന്ന് യുഎസ് ചൂണ്ടിക്കാട്ടിയിരുന്നു. ഒക്ടോബറിൽ ഉൽപാദനം കുറയ്ക്കുമെന്ന് പ്രഖ്യാപിച്ചതിനു പുറമേയാണ് ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന വെട്ടിക്കുറയ്ക്കൽ.



# വേനൽമഴ; വെള്ളക്കെട്ട്: നെല്ലിനു ഭീഷണി



**പന്തളം:** ഇറിഗേഷൻ വകുപ്പിന്റെ കനാൽ തുറന്നു വിട്ടു ചാലിൽ വെള്ളം നിറഞ്ഞതോടെ മാവരപ്പാടത്തെ കർഷകർ ആശങ്കയിലായി. പാടത്തിന്റെ മധ്യഭാഗത്തു കൂടിയുള്ള വിസ്തൃതമായ ചാലാണ് വെള്ളം നിറഞ്ഞ നിലയിലുള്ളത്. വേനൽ മഴ ശക്തി പ്രാപിച്ചാൽ ചാൽ കവിഞ്ഞൊഴുകും. 2 ആഴ്ചയ്ക്ക് ശേഷം കൊയ്യാൻ പാകമായ നെൽച്ചെടികൾക്ക് ഇത് കടുത്ത ഭീഷണിയാകും.

ചാലിനോട് ചേർന്ന ഭാഗത്ത് ഇപ്പോൾ ചെറിയ തോതിൽ വെള്ളക്കെട്ടുണ്ട്. ഇത് കതിരണിഞ്ഞ നെൽച്ചെടികളുടെ ചുവട് അഴുകാൻ കാരണമാകും. മഴ പെയ്താൽ ചാൽ കവിഞ്ഞൊഴുകുന്നതും പ്രതിസന്ധിയാകുമെന്നാണ് ആശങ്ക. കൊയ്ത്ത് സമയത്ത് പാടത്ത് വലിയ തോതിൽ ജലാംശമുണ്ടായാൽ കൊയ്ത്ത് മെതിയന്ത്രം പാടത്തേക്കിറക്കാനും ബുദ്ധിമുട്ടാകും. മുൻ വർഷങ്ങളിലും ഇതേ പ്രതിസന്ധികൾ അധികൃതരുടെ ശ്രദ്ധയിൽ പെടുത്തിയിരുന്നെങ്കിലും പരിഗണിച്ചില്ലെന്നാണ് പാടശേഖരസമിതികളുടെ പരാതി.

നവംബറിലാണ് പാടത്ത് വിത്ത് വിതച്ചത്. ഫെബ്രുവരി ആദ്യത്തോടെ തന്നെ ജലക്ഷാമം രൂക്ഷമായിരുന്നു. പാടം വീണ്ടുകീറി ചില ഭാഗങ്ങളിൽ നെൽക്കൃഷി നശിക്കുകയും ചെയ്തു. പല തവണ ആവശ്യപ്പെട്ടിട്ടും ഈ സമയമൊന്നും അധികൃതർ വെള്ളം തുറന്നുവിട്ടില്ല. ദിവസങ്ങൾ വൈകിയാണ് ചാലിലേക്ക് വെള്ളം തുറന്നു വിട്ടത്. ഇപ്പോൾ ചാൽ നിറഞ്ഞിട്ടും ചാലിലേക്കുള്ള ഒഴുക്ക് നിർത്തിയിരുന്നില്ലെന്നാണ് പരാതി. കടയ്ക്കാട് കൃഷി ഫാമിന്റെ സംരക്ഷണ ഭിത്തി നിർമിക്കുന്നതിന്റെ ഭാഗമായുള്ള മണ്ണ് ചാലിലേക്ക് പതിച്ചിട്ടുണ്ടെന്നു കർഷകർ പറയുന്നു.



# ഒന്നര ആഴ്ചയ്ക്കുള്ളിൽ മൃഗശാലയിൽ അഞ്ച് മൃഗങ്ങൾ കൂടി ചത്തു

**തിരുവനന്തപുരം:** ദിവസേന ആയിരക്കണക്കിനു സന്ദർശകർ എത്തുന്ന മൃഗശാലയിൽ മൃഗങ്ങളിലെ രോഗബാധ തടയാൻ നടപടി എടുത്തുവെന്ന് സർക്കാർ ആവർത്തിക്കുന്നതിനിടെ കഴിഞ്ഞ ഒന്നര ആഴ്ചയ്ക്കിടെ 5 മൃഗങ്ങൾ കൂടി ചത്തു. ഒരു കൃഷ്ണ മൃഗവും രണ്ട് പുള്ളി മാനും ക്ഷയരോഗ ബാധയെ തുടർന്നാണ് ചത്തത്. പരസ്പരം ഇടികൂടി പരുക്കേറ്റായിരുന്നു രണ്ടു കൃഷ്ണ മൃഗങ്ങളുടെ മരണം. കഴിഞ്ഞ 5 വർഷത്തിനിടെ മൂന്ന് കടുവകൾ ഉൾപ്പെടെ 422 മൃഗങ്ങളാണ് മൃഗശാലയിൽ ചത്തത്. ഇതിൽ 127 മൃഗങ്ങൾ ചത്തത് കഴിഞ്ഞ ഒരു വർഷത്തിനിടെയാണ്.

തണുപ്പ് ഏറിയ കാലാവസ്ഥയിലാണ് പുള്ളി മാനുകൾക്കും കൃഷ്ണ മൃഗങ്ങൾക്കും ക്ഷയരോഗ ബാധയുണ്ടായത്. എന്നാൽ കാലാവസ്ഥ മാറിയിട്ടും പകർച്ചവ്യാധി ബാധ വിട്ടിട്ടില്ലെന്നാണ് മൃഗങ്ങളുടെ മരണത്തിൽ നിന്ന് വ്യക്തമാകുന്നത്.മൃഗങ്ങൾ കൂട്ടത്തോടെ ചത്തപ്പോൾ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ആനിമൽ ഡിസീസ് (സിയാദ്) സംഘം മൃഗശാലയിൽ പരിശോധന നടത്തിയിരുന്നു. രോഗബാധ അനിയന്ത്രിതമായി തുടരുകയാണെങ്കിൽ മൃഗങ്ങളെ കൂട്ടത്തോടെ കൊല്ലണമെന്ന് (കള്ളിങ്) നിർദേശിച്ചിരുന്നെങ്കിലും നടപ്പാക്കിയില്ല.

വിദഗ്ധരുടെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ കള്ളിങ് ഉപേക്ഷിക്കുകയും ചെയ്തു. രോഗലക്ഷണങ്ങൾ കാണിക്കുന്നവരെ മാറ്റിപ്പാർപ്പിക്കണമെന്നും വംശ വർധന തടയാൻ നടപടി എടുക്കണമെന്നുമുള്ള നിർദേശങ്ങളും നടപ്പാക്കിയില്ല.അതേസമയം, കൂടുതലുള്ള മൃഗങ്ങളെ കൈമാറ്റം ചെയ്ത് ഇവിടെ ഇല്ലാത്ത പക്ഷി മൃഗാദികളെ തലസ്ഥാനത്ത് എത്തിക്കാൻ നടപടി ആരംഭിച്ചു

. വന്ധ്യംകരണം നടത്തി പ്രജനനം നിയന്ത്രിക്കുന്നതിനു പകരം മൃഗങ്ങളെ കൈമാറ്റം ചെയ്യണമെന്ന് സർക്കാർ നിയോഗിച്ച വിദഗ്ധ സമിതി റിപ്പോർട്ട് നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് നടപടി. ഹിപ്പോകൾ, കൃഷ്ണ മൃഗം, പുള്ളിമാൻ, നീലക്കാള, മ്ലാവ് തുടങ്ങി ഒട്ടേറെ മൃഗങ്ങൾ ഇവിടെ കൂടുതലാണ്. മംഗലാപുരം, ഹൈദരാബാദ്, ഡൽഹി, ലക്നൗ തുടങ്ങിയ മൃഗശാല അധികൃതരുമായി ആശയ വിനിമയം ആരംഭിച്ചതായാണ് വിവരം.

## നിത്യോപയോഗ സാധനങ്ങളുടെ വില ഉയരുന്നു



**കൊല്ലം:** മുളക്, പയർ, പരിപ്പ് തുടങ്ങിയ നിത്യോപയോഗ സാധനങ്ങൾക്കു വില ഉയരുന്നു. ഇന്ധനത്തിന് ഇന്നലെ മുതൽ ലീറ്ററിനു 2 രൂപ സെസ് നിലവിൽ വന്നതോടെ അവശ്യവസ്തുക്കൾക്കു വില ഉയരുമെന്ന ആശങ്കയിലാണ് വ്യാപാരമേഖല.മംഗലപുരം കശ്മീരി മുളകിനു 200 രൂപ വരെ കിലോയ്ക്കു വർധിച്ചു. മൊത്തവിപണിയിൽ ഒരു കിലോ കശ്മീരി മുളകിനു 740 രൂപയായി ഉയർന്നു. അടുത്തിടെ വരെ 540, 600 രൂപയായിരുന്നു വില. ഗുണ്ടൂർ (പാണ്ടി) വറ്റൽ മുളകിനു കിലോയ്ക്ക് 15 രൂപ ഉയർന്നു. മൊത്തവിപണിയിൽ 260 രൂപയായി. ഗുണ്ടൂർ പിരിയൻ മുളകിനു 360 രൂപയായി. 10 രൂപയാണു വർധിച്ചത്.

പയറിനു കിലോയ്ക്ക് 10 രൂപ കൂടി. 105 മുതൽ 120 രൂപയാണു മൊത്തവില. ഉഴുന്നിനു മൊത്തവിപണിയിൽ 3 രൂപ ഉയർന്നു. ഗുണ്ടൂർ മുളകിനു വില വർധിച്ചതു മാത്രമല്ല, മുളകിന്റെ നിറത്തിനും വ്യത്യാസമുണ്ടായി. മഴ ലഭിക്കാതെയും കടുത്ത വേനലും കാരണം മുളകിനു വെള്ളനിറമായി മാറി.മല്ലി, ബസ്മതി അരി എന്നിവയ്ക്കു 10 രൂപ കുറഞ്ഞു. പാം ഓയിൽ, വെളിച്ചെണ്ണ എന്നിവയ്ക്കും നേരിയ വിലക്കുറവ് ഉണ്ടായി. 60 രൂപ പിന്നിട്ട ജയ അരിവില മാറ്റമില്ലാതെ നിൽക്കുകയാണെങ്കിലും ഇന്ധന സെസ് മൂലം വീണ്ടും വില ഉയരുമെന്നാണു വ്യാപാരികൾ പറയുന്നത്.

## രാജമല തുറന്നു; വരയാടുകളെ കാണാൻ സന്ദർശകരുടെ തിരക്ക്

**മൂന്നാർ:** രണ്ടു മാസത്തെ ഇടവേളയ്ക്കുശേഷം രാജമല തുറന്നതോടെ വരയാടുകളെ കാണാൻ സന്ദർശകരുടെ തിരക്ക്. വരയാടുകളുടെ പ്രസവകാലത്തെ തുടർന്ന് ഇരവികുളം ദേശീയ ഉദ്യാനം അടച്ചിട്ടിരുന്നതിനാൽ ടൂറിസം സോണായ രാജമലയിൽ സഞ്ചാരികൾക്ക് പ്രവേശനമില്ലായിരുന്നു.

പ്രസവ കാലം അവസാനിച്ചതോടെ ഇന്നലെ മുതലാണ് രാജമലയിൽ സന്ദർശകരെ പ്രവേശിപ്പിച്ചു തുടങ്ങിയത്. ആദ്യദിനമായ ഇന്നലെ ഉച്ചവരെ 1400 പേർ രാജമല സന്ദർശിച്ചു.

പരമാവധി 2880 പേർക്കാണ് ഒരു ദിവസം രാജമല സന്ദർശിക്കാൻ അനുവാദമുള്ളത്. തമിഴ്നാട്, കർണാടക സ്വദേശികളും മലയാളികളുമായിരുന്നു അധികവും. പുതുതായി പിറന്ന കുഞ്ഞുങ്ങളടക്കമുള്ള വരയാടുകളെ അടുത്തു കാണാനും ചിത്രങ്ങളെടുക്കാനും കഴിഞ്ഞതിന്റെ സന്തോഷത്തിലാണ് സഞ്ചാരികൾ മടങ്ങിയത്.





# ലൈഫ് പദ്ധതി: പുനലൂർ പ്ലാച്ചേരി ഫ്ളാറ്റ് സമുച്ചയം 8ന് തുറക്കും

**പുനലൂർ:** നിർമാണ പ്രവർത്തനങ്ങൾ ഏറെ വൈകിയതിലൂടെ വിവാദമായ ലൈഫ് മിഷൻ പദ്ധതിയിലെ പുനലൂർ പ്ലാച്ചേരി ഫ്ളാറ്റ് സമുച്ചയം ഒടുവിൽ 8ന് തുറക്കുന്നു. 2017ൽ മുഖ്യമന്ത്രി പിണറായി വിജയൻ ലൈഫ് പദ്ധതി പ്രകാരം സംസ്ഥാനത്ത് ആദ്യമായി തറക്കല്ലിട്ട സംരംഭമാണിത്. ഒരു വർഷം കൊണ്ട് നിർമാണം പൂർത്തീകരിക്കുമെന്നു പറഞ്ഞെങ്കിലും ഒടുവിൽ പദ്ധതി യാഥാർഥ്യമാകാൻ അധികമായി അഞ്ചുവർഷം കൂടി കാത്തിരിക്കേണ്ടി വന്നു.

ഉദ്ഘാടനം ചരിത്ര സംഭവമാക്കുന്നതിന് നഗരസഭയുടെ നേതൃത്വത്തിൽ കഴിഞ്ഞദിവസം സ്വാഗതസംഘ രൂപീകരണവും നടന്നു. കൊല്ലം തിരുമംഗലം ദേശീയപാതയിൽ പ്ലാച്ചേരിയിൽ നിന്നു 350 മീറ്റർ അകലെയാണ് ഫ്ലാറ്റ് സമുച്ചയം. പുനലൂർ പട്ടണത്തിൽ നിന്നു നാലര കിലോമീറ്റർ ദൂരം വരും.

അരയേക്കർ ഭൂമിയിൽ 28,857 ചതുരശ്ര അടിയിലാണ് സമുച്ചയം. ഓരോ ഭവനവും 511.58 ചതുരശ്ര അടിയാണ്. ഓരോ ഭവനത്തിലും ഒരു ഹാൾ, രണ്ടു കിടപ്പുമുറി, അടുക്കള, ശുചിമുറി, കുളിമുറി, ബാൽക്കണി എന്നിവ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കുഴൽ കിണർ, സൗരോർജ സംവിധാനം, ഖരമാലിന്യ സംസ്കരണ ത്തിനുള്ള പ്ലാന്റ്, മഴവെള്ള സംഭരണി, ജനറേറ്റർ, ട്രാൻസ്ഫോമർ തുടങ്ങിയവയും സജ്ജമാക്കും. തൃശൂർ ജില്ലാ ലേബർ കോൺട്രാക്ട് സൊസൈറ്റിക്കായിരുന്നു മേൽനോട്ടച്ചുമതല.

പ്ലാച്ചേരിയിലെ ഫ്ലാറ്റ് സമുച്ചയത്തിൽ മൊത്തം 44 ഭവനങ്ങളാണുള്ളത്. ഇതിൽ ഒരെണ്ണം അങ്കണവാടിക്കും ഒരെണ്ണം വയോജന കേന്ദ്രത്തിനും ഉപയോഗിക്കും. ബാക്കി 42 ഭവനങ്ങളാണ് ഗുണഭോക്താക്കൾക്ക് കൈമാറുന്നത്. മലിന ജല സംസ്കരണ പ്ലാന്റ് നിർമാണത്തിനായി ഇവിടെ നിന്നു ഒഴിപ്പിച്ച 3 കുടുംബങ്ങൾക്ക് സമുച്ചയത്തിൽ വീടു നൽകും. ബാക്കിയുള്ള 39 വീടുകൾ ലൈഫ് മിഷൻ പദ്ധതിയുടെ പട്ടികയിലുൾപ്പെട്ട ഗുണഭോക്താക്കൾക്ക് കൈമാറും.

അടിയിലെ നിലയിലെ രണ്ടു ഭവനങ്ങൾ ഭിന്നശേഷിക്കാർക്കും ശാരീരിക അവശതയുള്ളവർക്കുമായി നിശ്ചയിച്ചിട്ടുണ്ട്. അഹമ്മദാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന മിറ്റ്സുമി ഹൗസിങ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയാണ് നിർമാണം നടത്തിയത്. രണ്ടരവർഷം മുൻപാണ് നിർമാണം ആരംഭിച്ചത്. 6.87 കോടി രൂപയാണ് കരാർ തുക.

# കേരളത്തിനുള്ള ആദ്യ വന്ദേഭാരത് ട്രെയിൻ അടുത്തമാസം ട്രാക്കിൽ



**പത്തനംതിട്ട:** കേരളത്തിനുള്ള ആദ്യ വന്ദേഭാരത് ട്രെയിൻ അടുത്ത മാസം ലഭിക്കും. മേയ് പകുതിയോടെ ട്രെയിനിന്റെ പരീക്ഷണയോട്ടം നടക്കും. വന്ദേഭാരത് ട്രെയിനുകളുടെ അറ്റകുറ്റപ്പണിക്കുള്ള സൗകര്യം കൊച്ചുവേളിയിൽ പൂർത്തിയായി. 2 പിറ്റ്ലൈനുകൾ ഇതിനായി വൈദ്യുതീകരിച്ചു. ചെന്നൈ, കോയമ്പത്തൂർ റൂട്ടിലെ പോലെ 8 കാർ (കോച്ച്) വന്ദേഭാരത് ട്രെയിനായിരിക്കും കേരളത്തിനും ലഭിക്കുക. യാത്രക്കാരുടെ തിരക്കു പരിഗണിച്ചു പിന്നീട് കോച്ചുകളുടെ എണ്ണം കൂട്ടും. തിരുവനന്തപുരം ,മംഗളൂരു റൂട്ടിൽ വന്ദേഭാരത് ഓടിക്കാൻ ആലോചിച്ചിരുന്നെങ്കിലും കണ്ണൂർ വരെ ഓടിക്കാനാണു സാധ്യത. അന്തിമ തീരുമാനം വൈകാതെയുണ്ടാകും. ഇരട്ടപ്പാതയുള്ളതിനാൽ വന്ദേഭാരത് കോട്ടയം വഴിയാകും സർവീസ് നടത്തുക. എറണാകുളം മുതൽ തിരുവനന്തപുരം വരെ മണിക്കൂറിൽ 75, 90, 100 കിലോമീറ്റർ എന്നിങ്ങനെയാണു അനുവദനീയമായ വേഗം. മറ്റു ട്രെയിനുകളിൽനിന്നു വ്യത്യസ്തമായി പെട്ടെന്നു വേഗം കൈവരിക്കാൻ വന്ദേഭാരതിനു കഴിയുമെന്നതിനാൽ ശരാശരി വേഗം 65ന് മുകളിൽ നിലനിർത്താൻ കഴിയും.

കൂടുതൽ സ്റ്റോപ്പുകൾ നൽകുന്നതു വേഗം കുറയ്ക്കുമെന്നതിനാൽ പ്രധാന നഗരങ്ങളിൽ മാത്രമായിരിക്കും സ്റ്റോപ്. സർവീസ് ആരംഭിച്ച മിക്ക റൂട്ടുകളിലും ഇപ്പോഴുള്ള വേഗം കൂടിയ ട്രെയിനിനെക്കാൾ 30 മിനിറ്റ് മുതൽ ഒരു മണിക്കൂർ വരെ നേരത്തെ വന്ദേഭാരത് ലക്ഷ്യസ്ഥാനത്ത് എത്തുന്നുണ്ട്.കേരളത്തിൽ വന്ദേഭാരത് ട്രെയിനുകൾക്കു ശരാശരി വേഗം മണിക്കൂറിൽ 65 മുതൽ 70 കിമീ വരെ സാധ്യമാകുമെന്നാണു പ്രതീക്ഷ. പാലക്കാട് ഡിവിഷനിൽ ട്രെയിനുകളുടെ പരമാവധി വേഗം 110 കിമീ ആണെങ്കിലും തിരുവനന്തപുരം ഡിവിഷനിൽ ഷൊർണൂർ മുതൽ എറണാകുളം വരെ 80 കിമീ മാത്രമാണു വേഗം. തിരുവനന്തപുരം, കണ്ണൂർ റൂട്ടിൽ ഇപ്പോൾ കണ്ണൂരിലേക്ക് ഏറ്റവും വേഗം കൂടിയ സർവീസ് ആലപ്പുഴ വഴിയുള്ള തിരുവനന്തപുരം , നിസാമുദ്ദീൻ രാജധാനിയാണ്.7 മണിക്കൂർ 57 മിനിറ്റാണ് യാത്രാസമയം. ശരാശരി വേഗം 61.51 കിമീ. കോട്ടയം വഴിയുള്ള കണ്ണൂർ, തിരുവനന്തപുരം ജനശതാബ്ദിയാണ് എതിർദിശയിൽ വേഗം കൂടിയ ട്രെയിൻ. 9 മണിക്കൂർ 20 മിനിറ്റ്, ശരാശരി വേഗം 53.57 കിമീ.

# അടൂർ അഗ്നിരക്ഷാകേന്ദ്രത്തിന് കെട്ടിടം ഒരുങ്ങുന്നു



**പന്നിവിഴ:** പീടികയിൽ ഭഗവതി ക്ഷേത്രത്തിനു സമീപം കെഐപിയിൽ നിന്ന് ഏറ്റെടുത്ത 2 ഏക്കർ സ്ഥലത്ത് അടൂർ അഗ്നിരക്ഷാകേന്ദ്രത്തിനു സ്വന്തം കെട്ടിടം നിർമിക്കാനുള്ള പ്രാരംഭ ജോലികൾ തുടങ്ങി. സ്ഥലത്തെ കാടു നീക്കം ചെയ്ത് പൈലിങ് തുടങ്ങുന്നതിനുള്ള ജോലികളാണ് ഇന്നലെ ആരംഭിച്ചത്. 4.81 കോടി രൂപ ചെലവഴിച്ചാണു പുതിയ 3 നിലകളുള്ള കെട്ടി!ടം പണികഴിപ്പിക്കുന്നത്. താഴത്തെ നിലയിൽ വാഹനപാർക്കിങ്, അതിനു മുകളിലത്തെ നിലയിൽ ഓഫിസ്, മൂന്നാം നിലയിൽ ജീവനക്കാർക്കു വിശ്രമിക്കാനുള്ള ബാരക്ക് എന്നിങ്ങനെയാണു ക്രമീകരിച്ചിരിക്കുന്നത്.

2017ലാണു പന്നിവിഴയിൽ സ്ഥലമേറ്റെടുത്തത്. ഇതിനു ശേഷം 6 വർഷം പിന്നിട്ടിട്ടാണ് ഇപ്പോൾ നിർമാണം തുടങ്ങുന്നതിനുള്ള പ്രാരംഭ ജോലികൾ ആരംഭിച്ചിരിക്കുന്നത്. ഇനിയെങ്കിലും നിർമാണത്തിൽ ഉഴപ്പുണ്ടാകരുതെന്നും എത്രയും വേഗം പണി പൂർത്തിയാക്കണമെന്നുമാണ് ആവശ്യം. നിലവിൽ അഗ്നിരക്ഷാകേന്ദ്രം അടിത്തറ ഇളകിയും കോൺക്രീറ്റ് കഷണങ്ങൾ ഇളകി വീണു കൊണ്ടിരിക്കുന്നതുമായ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ജീവനക്കാർ ഭയത്തോടെയാണ് ഇതിനുള്ളിൽ ജോലി ചെയ്യുന്നത്. ഇതു മനസ്സിലാക്കിയെങ്കിലും നിർമാണം വേഗത്തിലാക്കാനുള്ള നടപടി ഉണ്ടാകണം.

# അർത്തുങ്കൽ മത്സ്യബന്ധന തുറമുഖം: 150 കോടി അനുവദിച്ചു



**ചേർത്തല:** അർത്തുങ്കൽ മത്സ്യബന്ധന തുറമുഖത്തിന്റെ തുടർനിർമാണത്തിനായി ഫിഷറീസ് അക്വാകൾചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽ നിന്നു 150 കോടി അനുവദിച്ചതോടെ ജീവൻ വച്ചത് 15 വർഷം മുൻപ് തുടങ്ങിയ പദ്ധതിക്ക്.വർഷങ്ങളായി മുടങ്ങിക്കിടന്ന പദ്ധതി പുനരാരംഭിക്കുന്നതോടെ മത്സ്യത്തൊഴിലാളികളും ഏറെ പ്രതീക്ഷയിലാണ്. പദ്ധതിക്ക് ആവശ്യമായി 150 കോടി രൂപ കഴിഞ്ഞ ദിവസം അനുവദിക്കുകയും 50.24 കോടിരൂപ അഡ്വാൻസ് തുകയായി സർക്കാരിലേക്ക് ലഭ്യമായതിനാൽ പ്രാഥമിക പ്രവർത്തനങ്ങൾ അടുത്ത മാസത്തോടെ ആരംഭിക്കാൻ കഴിയുമെന്നതും പ്രതീക്ഷ നൽകുന്നു.

പദ്ധതി പൂർത്തിയാകുന്നതോടെ അർത്തുങ്കൽ, തൈക്കൽ, ഒറ്റമശേരി, ചേന്നവേലി, പട്ടണക്കാട് തുടങ്ങിയ തീരദേശപ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് ഏതു കാലാവസ്ഥയിലും സുരക്ഷിതമായി മത്സ്യബന്ധനത്തിനു പോയി വരുന്നതിനുള്ള സൗകര്യമുണ്ടാകും.2008 ലാണ് അർത്തുങ്കൽ, മത്സ്യബന്ധന തുറമുഖമായി ഉയർത്തുന്നതിനു വേണ്ടി മത്സ്യത്തൊഴിലാളികളുടെയും ജനപ്രതിനിധികളുടെയും നിർദേശത്തെത്തുടർന്ന് ചെന്നൈ ഐഐടിയുടെ നേതൃത്വത്തിൽ മാതൃകാ പഠനം നടത്തിയത്.

പഠനപ്രകാരം 1250 മീറ്റർ നീളത്തിൽ തെക്കേപുലിമുട്ടും 450 മീറ്റർ നീളത്തിൽ വടക്കേ പുലിമുട്ടും വേണമെന്ന ശുപാർശ ചെയ്തിരുന്നു. പഠനത്തിന്റെ അടിസ്ഥാനത്തിൽ ഒന്നാംഘട്ടത്തിൽ ടിആർപി ഫണ്ട് ഉപയോഗിച്ച് 140 മീറ്റർ നീളത്തിൽ വടക്കും തെക്കും പുലിമുട്ടുകൾ പൂർത്തീകരിച്ചിരുന്നു.ലഭ്യമായ ഫണ്ട് ഉപയോഗിച്ച് വടക്കേ പുലിമുട്ട് 260 മീറ്ററും തെക്കേ പുലിമുട്ട് 510 മീറ്ററും പൂർത്തിയാക്കിയിരുന്നു. മന്ത്രി പി. പ്രസാദിന്റെ ഇടപെടലുകളെത്തുടർന്ന് പദ്ധതി നടത്തിപ്പിനുള്ള 150 കോടിയോളം രൂപ കൂടി ഇപ്പോൾ അനുവദിച്ചതോടെ തുറമുഖത്തിന്റെ നിർമാണം കാലതാമസമില്ലാതെ പൂർത്തിയാക്കാൻ കഴിയുമെന്ന പ്രതീക്ഷയിലാണ് മത്സ്യത്തൊഴിലാളികൾ.

# കമുകു തോട്ടങ്ങളിൽ മഞ്ഞളിപ്പു രോഗം

**പെരുമ്പിലാവ്** :കമുകു തോട്ടങ്ങളിൽ നിയന്ത്രിക്കാനാകാതെ പടരുന്ന മഞ്ഞളിപ്പു രോഗം കർഷകരെ വലയ്ക്കുന്നു. കടവല്ലൂരിൽ പല തോട്ടങ്ങളിലും രോഗബാധ ശക്തമാണ്. കമുകിന്റെ പട്ടകൾ മഞ്ഞ നിറത്തിൽ ആകുന്നതാണ് രോഗലക്ഷണം.



പിന്നീടു തല ഭാഗം ഉണങ്ങി മരം പൂർണമായി നശിക്കും. രോഗം ബാധിച്ച കമുകിന്റെ പൂക്കുലകൾ കൊഴിഞ്ഞു നശിക്കുന്നു. ഒരു മരത്തിനു ബാധിച്ചാൽ ദിവസങ്ങൾക്കകം തോട്ടത്തിലെ മറ്റു മരങ്ങളിലും രോഗം പടരും. മരുന്നുകൾ പലതും പരീക്ഷിക്കുന്നുണ്ടെങ്കിലും ഫലമില്ലെന്നു കർഷകർ പറഞ്ഞു. മികച്ച കായ്ഫലമുള്ള കമുകുകൾ രോഗം ബാധിച്ചു നശിക്കുന്നതു ഉൽപാദനത്തെ ബാധിക്കുന്നുണ്ട്. ഒരേക്കർ കമുകു തോട്ടത്തിൽ നിന്നും ശരാശരി മുപ്പതോളം കമുകുകൾ ഓരോ വർഷവും മഞ്ഞളിപ്പു രോഗം മൂലം നശിക്കുന്നുണ്ടെന്നു ഒറ്റപ്പിലാവിലെ കർഷകൻ മണ്ടകത്തിങ്കൽ ചന്ദ്രബോസ് പറയുന്നു. ഇദ്ദേഹത്തിന്റെ 3 ഏക്കർ തോട്ടത്തിൽ ഭൂരിഭാഗം കമുകിനും രോഗബാധയുണ്ട്. അടയ്ക്കയ്ക്ക് വില വർധിച്ചതോടെ കമുകു കൃഷി തിരിച്ചു വരവിന്റെ പാതയിലായിരുന്നു. രോഗഭീഷണി രൂക്ഷമായതു കർഷകരെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്.

മണ്ണിലെ പോഷകങ്ങളുടെ അഭാവമാണു മഞ്ഞളിപ്പു വ്യാപകമാകുന്നതിനു കാരണമായി കൃഷി ഉദ്യോഗസ്ഥർ പറയുന്നത്. കൃത്യമായ സമയത്തു കുമ്മായവും വളങ്ങളും പ്രയോഗിച്ചു രോഗത്തെ വരുതിയിലാക്കാമെന്നു പറയുന്നു.

മണ്ണു പരിശോധന പ്രധാനമാണ്. കൃഷി യൂണിവേഴ്സിറ്റിയിലെ വിദഗ്ധർ മാസങ്ങൾക്കു മുൻപു കടവല്ലൂരിലെ കൃഷിയിടങ്ങൾ സന്ദർശിച്ചു പ്രതിവിധി നിർദേശിച്ചിരുന്നു. അവരുടെ നിർദേശങ്ങൾ പാലിച്ച പലർക്കും രോഗബാധ നിയന്ത്രിക്കാൻ സാധിച്ചതായി കടവല്ലൂർ കൃഷി ഓഫിസർ പറഞ്ഞു.



# വേനൽമഴ: നഷ്ടത്തിലും അധികച്ചെലവിലും ദുരിതം

**പാലക്കാട്:** വേനൽമഴ രണ്ടാം വിള കൊയ്ത്തിനെയും വയ്ക്കോൽ വിൽപനയെയും ബാധിച്ചു തുടങ്ങിയതോടെ നഷ്ടത്തിലും അധികച്ചെലവിലും വലഞ്ഞു കർഷകർ. ശക്തമായ വേനൽമഴയിൽ പാടങ്ങളിൽ നനവു പടർന്നതോടെ ടയർ കൊയ്ത്തു യന്ത്രത്തിനു പകരം ഇരുമ്പു ചക്രം ഘടിപ്പിച്ച കൊയ്ത്തു യന്ത്രം ഇറക്കേണ്ട സ്ഥിതിയാണ്. ഇതിനു വാടക കൂടുതലാണ്. വയ്ക്കോലും ലഭിക്കില്ല. ടയർ കൊയ്ത്തു യന്ത്രത്തിനു മണിക്കൂറിന് 1400 മുതൽ 1600 രൂപ വരെയാണു വാടക. ഇരുമ്പു ചക്രമുള്ള കൊയ്ത്തു യന്ത്രത്തിനു മണിക്കൂറിൽ 2400 രൂപയാണു വാടക. ഒരു മണിക്കൂറിന് 800 രൂപയെങ്കിലും കൃഷിക്കാർ അധികം നൽകണം.

ജലസേചനം നീണ്ടതോടെ പാടങ്ങളിൽ രണ്ടാഴ്ച വരെ കൊയ്ത്തു വൈകിയിരുന്നു. പാടത്തെ വെള്ളം വാർത്തുകളയാൻ സാധിക്കാത്തതാണു പ്രതിസന്ധി സൃഷ്ടിച്ചത്. ജലസേചനം നിർത്തി പാടങ്ങൾ ഒരു വിധം ഉണങ്ങി വരുന്ന ഘട്ടത്തിലാണു കഴിഞ്ഞ ദിവസം ശക്തമായ വേനൽമഴ ലഭിച്ചത്. ഇതോടെ വീണ്ടും നനവു പടർന്നു. കൊയ്ത്തു വൈകിയ പാടങ്ങൾ നെന്മണി കൊഴിയൽ ഭീഷണിയിലുമാണ്.

രണ്ടാം വിളയിൽ ഭൂരിഭാഗം കർഷകരും വയ്ക്കോൽ ലഭ്യതയ്ക്കായി ടയർ കൊയ്ത്തു യന്ത്രങ്ങളെയാണ് ആശ്രയിക്കുക. ഇതുവഴി ലഭിക്കുന്ന വയ്ക്കോൽ കെട്ടുകളാക്കി വിറ്റാൽ കൊയ്ത്തു കൂലി അതിൽനിന്നു കിട്ടും. വേനൽമഴയിൽ ഉള്ള വയ്ക്കോലും നാശമായി. കൊയ്ത്തു കഴിഞ്ഞ പാടങ്ങളിൽ വയ്ക്കോൽ കെട്ടുകൾ നിരത്തിയിട്ടുണ്ട്. ഇതു മഴ നനഞ്ഞതോടെ ഇനി ഉദ്ദേശിച്ച വില ലഭിക്കില്ല. ഇതിന്റെ നഷ്ടവും കൃഷിക്കാർ സഹിക്കണം.

## കൃഷിത്തോട്ടം പദ്ധതിക്ക് തുടക്കമായി

**വെട്ടിക്കവല:** ബ്ലോക്ക് പഞ്ചായത്തിന്റെ 202223 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ഞങ്ങളും കൃഷിയിലേക്ക് കർഷക ഗ്രൂപ്പുകൾക്ക് മാതൃക കൃഷിത്തോട്ടം പദ്ധതി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ ഹർഷകുമാർ ഉദ്ഘാടനം ചെയ്തു.

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള കർഷക ഗ്രൂപ്പുകൾ, കുടുംബശ്രീ കർഷക സംഘങ്ങൾ എന്നിവയിലൂടെ കാർഷിക ഉത്പാദനം വർധിപ്പിക്കുക. ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുകയും വിഷരഹിത പച്ചക്കറികൾ ഉത്പാദിപ്പിക്കാൻ സഹായിക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം.

തിരഞ്ഞെടുക്കപ്പെട്ട കർഷക സംഘങ്ങൾക്ക് സൗജന്യമായി നടീൽ വസ്തുക്കളും വിതരണം ചെയ്തു.

# ശുദ്ധജലക്ഷാമം രൂക്ഷം

**തരിയോട്:** പതിനൊന്നാം മൈൽ ഭാഗത്ത് കുടിവെള്ള ക്ഷാമം രൂക്ഷമായി. ഇവിടെ പ്രവർത്തിക്കുന്ന വേഴപറമ്പിൽ കുടിവെള്ള പദ്ധതിക്ക് ആശ്രയിക്കുന്ന കുളം വറ്റിയതാണ് ക്ഷാമം രൂക്ഷമാക്കിയത്. അതോടെ ഈ പദ്ധതിയെ ആശ്രയിച്ച് കഴിയുന്ന ഒട്ടേറെ കുടുംബങ്ങൾ വൻ ദുരിതത്തിലായി. ബാണാസുര ഡാമിനു സമീപത്തെ പ്രദേശം ആയിട്ടും കുടിവെള്ളം കിട്ടാക്കനി ആയ അവസ്ഥയിലാണ് ഇവിടെയുള്ള കുടുംബങ്ങൾ. മാങ്ങോട്ട്, ഉതിരംചേരി, അംബേദ്കർ കോളനി അടക്കം ഒട്ടേറെ കുടുംബങ്ങൾ ആശ്രയിക്കുന്നത് ഈ പദ്ധതിയാണ്. കുളത്തിൽ വെള്ളം ഗണ്യമായി കുറഞ്ഞതോടെ വിതരണ ടാങ്കിലേക്ക് വെള്ളം പമ്പ് ചെയ്യുന്നത് മുടങ്ങി.

കുടിവെള്ള ക്ഷാമം രൂക്ഷമായതോടെ ബാണാസുര ഡാമിൽ സാഹസിക യാത്ര നടത്തിയും മറ്റും ആണ് ഇവിടെയുള്ളവർ വെള്ളം എത്തിക്കുന്നത്. ഡാം വന്നതോടെ ഇവിടെയുള്ള കിണറുകളും കേണിയും എല്ലാം വെള്ളത്തിനടിയിലായതാണ് പ്രദേശവാസികൾക്ക് ശുദ്ധജലം മുടങ്ങാൻ ഇടയാക്കിയത്. പിന്നീട് ഏക ആശ്രയം വേഴപറമ്പിൽ പദ്ധതി ആയി. എന്നാൽ വേനൽ കനക്കുന്നതോടെ കുളം വറ്റുന്നതും ശുദ്ധ ജലക്ഷാമം രൂക്ഷമാകുന്നതും പതിവാകുകയാണ്. കഴിഞ്ഞ ദിവസം പഞ്ചായത്തിന്റെ നേതൃത്വത്തിൽ വെള്ളം എത്തിക്കാനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്.

നിലവിൽ സ്വകാര്യ റിസോർട്ട് പ്രവർത്തിക്കുന്ന സ്ഥലത്തുള്ള ടാങ്കിൽ വെള്ളം എത്തിക്കുന്നത് പ്രതിസന്ധിയായിട്ടുണ്ട്. റിസോർട്ട് പ്രവർത്തിക്കുന്ന സമയങ്ങളിൽ ടാങ്കിലേക്കുള്ള വഴി തുറന്നു കൊടുക്കില്ലെന്ന് അവർ അറിയിച്ചതാണ് പ്രതിസന്ധി. മാങ്ങോട്ട് ഭാഗത്ത് താൽക്കാലികമായി ഒരു ടാങ്ക് സ്ഥാപിക്കുകയും റിസോർട്ട് പ്രവർത്തനത്തെ ബാധിക്കാത്ത വിധം ടാങ്കിൽ വെള്ളം എത്തിക്കാൻ ആവശ്യമായ പൈപ്പ് സ്ഥാപിക്കുകയും ചെയ്താൽ പ്രദേശത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കാമെന്നാണു പറയുന്നത്.

# റവന്യു ഭൂമി കയ്യേറി ചെങ്കൽ ഖനനം

**ഉളിക്കൽ :** നുച്യാട്, പയ്യാവൂർ വില്ലേജുകളിലായി പരന്നു കിടക്കുന്ന ആനയടിയിൽ റവന്യു ഭൂമി കയ്യേറി അനധികൃത ചെങ്കൽ ഖനനം. പരിസ്ഥിതി പ്രവർത്തകരുടെയും വിവിധ സംഘടനകളുടെയും നേതൃത്വത്തിൽ ജില്ലാ കലക്ടർക്കും ഇരിട്ടി, തളിപ്പറമ്പ് തഹസിൽദാർക്കും ഉൾപ്പെടെ പരാതി നൽകിയതിനെ തുടർന്ന് രണ്ടു മാസം മുൻപ് പരിശോധന നടത്തുകയും മെഷീനുകളും ലോറികളും പിടിച്ചെടുക്കുകയും ഖനനം നിർത്തിക്കുകയും ചെയ്തിരുന്നു.



50 ഏക്കറോളം വരുന്ന പ്രദേശത്ത് രാപകൽ ഭേദമില്ലാതെയാണ് ഖനനം നടക്കുന്നത്. 25 ലേറെ അനധികൃത ക്വാറികൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. നൂറിലേറെ ലോഡ് കല്ലുകളാണ് ഓരോ ദിവസവും ഇവിടെ നിന്ന് പോകുന്നത്. അപരിചിതർ ക്വാറികളിലേക്ക് വരുന്നത് അറിയിക്കാൻ പോക്കറ്റ് റോഡിൽ പ്രത്യേക സംഘത്തെ നിയോഗിച്ചാണ് പ്രവർത്തനം.

സമുദ്രനിരപ്പിൽ നിന്ന് 700 അടിയിലേറെ ഉയരത്തിൽ ജൈവ വൈവിധ്യങ്ങൾ നിറഞ്ഞ പ്രദേശം പൂർണമായും ഖനന മാഫിയകളുടെ കൈകളിലാണിപ്പോൾ. റവന്യു ഭൂമിയും ഭൂരഹിതർക്ക് പതിച്ചു നൽകിയ മിച്ചഭൂമിയും ഉൾപ്പെടെ കയ്യേറിയാണ് ഖനനം. 30 വർഷം മുൻപ് 10 കുടുംബങ്ങൾക്ക് ഇവിടെ 5 ഏക്കറോളം മിച്ചഭൂമി പതിച്ചു നൽകിയിരുന്നെങ്കിലും ആരും ഇവിടെ വീടെടുത്തിരുന്നില്ല.



# 'ചിറ്റിലപ്പിള്ളി സ്ക്വയർ' നാടിന് സമർപ്പിച്ചു; പ്രവേശനം ഇന്ന് മുതൽ



**ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ നിർമ്മിച്ചിരിക്കുന്ന 'ചിറ്റിലപ്പിള്ളി സ്ക്വയർ' ഇവന്റ് ഹബ്ബും വെൽനസ് പാർക്കും മന്ത്രി പി.രാജീവ് ഉദ്ഘാടനം ചെയ്യുന്നു.തൃക്കാക്കര നഗരസഭ കൗൺസിലർ റസിയ നിഷാദ്,നഗരസഭ ചെയർപേഴ്സൺ അജിത തങ്കപ്പൻ,എ എൻ രാധാകൃഷ്ണൻ,ബി.ജയരാജ്,കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി,ഹൈബി ഈഡൻ എം.പി,ഉമാ തോമസ് എം.എൽ.എ,ഷീല കൊച്ചൗസേപ്പ്, അരുൺ ചിറ്റിലപ്പിള്ളി, മിഥുൻ ചിറ്റിലപ്പിള്ളി,പി സി ജേക്കബ്ബ് തുടങ്ങിയവർ മുൻനിരയിൽ**

**കൊച്ചി:** കൊച്ചിക്ക് പുതിയ മുഖവും മേൽവിലാസവും നൽകിക്കൊണ്ട് കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി നേതൃത്വം നൽകുന്ന ജീവകാരുണ്യപ്രസ്ഥാനമായ ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ നിർമ്മിച്ചിരിക്കുന്ന 'ചിറ്റിലപ്പിള്ളി സ്ക്വയർ' ഇവന്റ് ഹബ്ബും വെൽനസ് പാർക്കും നാടിന് സമർപ്പിച്ചു. ഇന്നു മുതൽ പാർക്കിൽ പൊതു ജനങ്ങൾക്കു പ്രവേശിക്കാം.ചിറ്റിലപ്പിള്ളി സ്ക്വയറിൽ നടന്ന പ്രൗഢ ഗംഭീരമായ ചടങ്ങിൽ വ്യവസായ നിയമ,വകുപ്പ് മന്ത്രി പി.രാജീവ് വെൽനസ് പാക്കും ഇവന്റ് ഹബ്ബും ഉദ്ഘാടനം ചെയ്തു. കാലത്തിനു മുമ്പേ നടക്കുന്ന കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളിയുടെ പുതിയ സംരംഭമായ ചിറ്റിലപ്പിള്ളി സ്ക്വയറും വെൽനസ് പാർക്കും കേരളത്തിന്റെ സംരഭക ചരിത്രത്തിൽ പുതിയ അധ്യായമായി മാറുമെന്ന് പി രാജീവ് പറഞ്ഞു. സമ്മർദ്ദങ്ങൾ അകറ്റി പ്രായവ്യത്യാസമില്ലാതെ ഏവർക്കും ആരോഗ്യകരമായ ജീവിതം പ്രദാനം ചെയ്യുകയെന്ന ലക്ഷ്യത്തോടെയാണ് ചിറ്റിലിപ്പിള്ളി സ്ക്വയർ രൂപ കൽപ്പന ചെയ്തിരിക്കുന്നതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി പറഞ്ഞു. ഹൈബി ഈഡൻ എം.പി, ഉമാ തോമസ് എം.എൽ.എ, തൃക്കാക്കര നഗരസഭ ചെയർ പേഴ്സൺ അജിത തങ്കപ്പൻ, കൗൺസിലർ റസിയ നിഷാദ്, ബി.ജെ.പി സംസ്ഥാന വൈസ് പ്രസിഡന്റ് എ.എൻ രാധാകൃഷ്ണൻ, വി സ്റ്റാർ ക്രിയേഷൻസ് മാനേജിംഗ് ഡയറക്ടർ ഷീല കൊച്ചൗസേപ്പ്, വണ്ടർലാ അമ്യൂസ്മെന്റ് പാർക്ക് മാനേജിംഗ് ഡയറക്ടർ അരുൺ ചിറ്റിലപ്പിള്ളി, വിഗാർഡ് ഇൻഡസ്ട്രീസ് മാനേജിംഗ് ഡയറക്ടർ മിഥുൻ ചിറ്റിലപ്പിള്ളി തുടങ്ങിയവരും സംസാരിച്ചു. ചിറ്റിലപ്പിള്ളി സ്ക്വയർ ഇന്നു മുതൽ പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കും.വെൽനസ് പാർക്കിൽ രാവില ആറു മുതൽ ഒമ്പതു വരെയും 11 മുതൽ രാത്രി രാത്രി എട്ടുവരെയുമാണ് പ്രവേശനം അനുവദിക്കുക.

# വാസ്തുശിൽപ്പകലയുടെ ഭാവി കാണാം, സീഡ്സ്കേപിന് തുടക്കമായി



**കൊച്ചി:** സീഡ് എപിജെ അബ്ദുൾ കലാം സ്കൂൾ ഓഫ് എൻവയോൺമെന്റൽ ഡിസൈനിന്റെ വാർഷികോത്സവമായ സീഡ്ഗൈസ്റ്റിന്റെ ഭാഗമായി സ്കൂളിലെ 200ലേറെ ആർക്കിടെക്ചർ വിദ്യാർത്ഥികളുടെ വാസ്തുശിൽപ്പകലാസൃഷ്ടികൾ അണിനിരക്കുന്ന സീഡ്സ്കേപ് പ്രദർശനത്തിന് മട്ടാഞ്ചേരി ജ്യൂ ടൗൺ റോഡിലെ ഇസ്മായിൽ വെയർഹൗസിൽ തുടക്കമായി. കൊച്ചി ബിനാലെ ഫൗണ്ടേഷൻ ചെയർമാൻ ബോസ് കൃഷ്ണമാചാരി ഉദ്ഘാടനം ചെയ്തു. കേരള ലളിതകലാ അക്കാദമി ചെയർമാൻ മുരളി ചീരോത്ത് ക്യുറേറ്റ് ചെയ്യുന്ന പ്രദർശനം ഏപ്രിൽ 12 വരെ നീണ്ടുനിൽക്കും. പ്രദർശനത്തിനു പുറമെ അഹമ്മദാബാദിലെ തംബ് ഇംപ്രഷൻസ് കൊളാബൊറേറ്റീവുമായി ചേർന്ന മുള വാസ്തുശിൽപ്പ നിർമാണം, ബാംഗ്ലൂരിലെ ആരവാണി ആർട് പ്രൊജക്റ്റുമായി ചേർന്ന് 750 ച അടിയിലുള്ള ആധുനികചുവർചിത്രരചന, ചലച്ചിത്ര നിർമാണത്തിൽ ശ്രീരാം പ്രദീപ്, ടെക്സ്റ്റൈൽ ഡിസൈനിൽ പ്രൊഫ. സൗമ്യ പാണ്ഡെ എന്നിവരുടെ നേതൃത്വത്തിലുള്ള ശിൽപ്പശാലകളും അരങ്ങേറുന്നുണ്ട്. ഇതിന്റെ ഭാഗമായി അസാധാരണമായ ദൃശ്യഭംഗിയുള്ള വലിയ മുള വാസ്തുശിൽപ്പവും ചുവർചിത്രവും തയ്യാറായിക്കഴിഞ്ഞു. ആർക്കിടെക്റ്റുമാരായ സൗമിത്രോ ഘോഷ്, അബിൻ ചൗധരി, അമൃത ബല്ലാൽ, മഹേഷ് രാധാകൃഷ്ണൻ എന്നിവർ നയിക്കുന്ന പാനൽ ചർച്ചകളും പ്രദർശനത്തിന്റെ ഭാഗമായി നടക്കും. പ്രദർശനത്തിലെ സൃഷ്ടികളും ഇവർ വിലയിരുത്തും.വാസ്തുശിൽപ്പകല പഠിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന പെൺകുട്ടികലുടെ എണ്ണം വർധിക്കുന്നതു കണക്കിലെടുത്ത് പ്രദർശനത്തിന്റെ ഭാഗമായി ഏപ്രിൽ 8 രാജ്യത്തെ വാസ്തുശിൽപ്പകലയിലെ ജന്റർ പാരിറ്റി ദിനമായി ആഘോഷിക്കും. ആർക്കിടെക്ചറൽലൈവ്, ലീവാർഡിസ്റ്റ്സ് എന്നിവർ ഇതിൽ പങ്കാളികളാകും. ഈ വിഷയത്തിലുള്ള പുസ്തകപ്രകാശനവും ഏപ്രിൽ 8ന് നടക്കും.

# അവധി ദിനത്തിൽ ജനത്തിരക്കേറി 'എന്റെ കേരളം' മേള

**കൊച്ചി:** കലാസാംസ്കാരിക പരിപാടികളും വിപണന മേളകളുമായി ജനഹൃദയം കീഴടക്കി എന്റെ കേരളം പ്രദർശന വിപണന മേള. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ സ്റ്റാളിൽ സജ്ജമാക്കിയ 360 ഡിഗ്രി സെൽഫി ആയിരുന്നു മേളയിലെ താരം. കറങ്ങും സെൽഫിയെടുക്കാൻ നിരവധി പേരാണ് സ്റ്റാളിലെത്തിയത്.വിവിധ വകുപ്പുകളുടെ പ്രദർശന സ്റ്റാളുകളും, വിപണന സ്റ്റാളുകളും,ശില്പശാലകളും, ഭക്ഷ്യമേളയും ശ്രദ്ധേയമായി. രണ്ടാം ദിവസത്തിൽ ആയിരകണക്കിന് ആളുകളാണ് മേളയിൽ എത്തിയത്.മാലിന്യ സംസ്കരണം മുന്നോട്ടുള്ള പാത എന്ന വിഷയത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ നടന്ന ശില്പശാല ശ്രദ്ധേയമായി. മാലിന്യ സംസ്കരണം എങ്ങനെ ഫലപ്രദമായി നടപ്പാക്കാം, ഉറവിട മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യം, മാലിന്യം ഓരോ വ്യക്തികളുടെയും ആശയം തുടങ്ങിയ വിഷയങ്ങൾ മുന്നോട്ട് കൊണ്ട് വരാൻ ശിൽപ്പശാലക്കായി. ഉച്ചകഴിഞ്ഞ് പ്രദേശിക സാമ്പത്തിക വികസനവും,സ്ത്രീ തന്റേതായ ഇടം കണ്ടെത്തിയവൾ കുടുംബശ്രീ നേർചിത്രം,സ്ത്രീ നിഷ്ക്രിയയായ ഗുണഭോക്താവിൽ നിന്നും വികസനപ്രക്രിയയയുടെ പങ്കാളി,കുടുംബശ്രീയുടെ നേതൃത്വത്തിൽ തുടങ്ങിയ വിഷയങ്ങളിൽ സെമിനാർ നടന്നു. കുടുംബശ്രീയിലൂടെ സ്വയംപര്യാപ്തത നേടിയ വനിതകൾ തങ്ങളുടെ ജീവിതാനുഭവവും, വിജയത്തിലേക്കുള്ള യാത്രയും വേദിയിൽ പങ്കുവെച്ചു.നിറഞ്ഞ കാണികൾക്കുമുന്നിൽ പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ നായകളുടെ അഭ്യാസം പ്രകടനവും മേളയിൽ അരങ്ങേറി .സംഗീതസംവിധായകനും ഗായകനുമായ ജാസി ഗിഫ്റ്റിന്റെ നേതൃത്വത്തിൽ ഗാനമേള വേദിയിൽ വിസ്മയം തീർത്തു. പ്രായഭേദമന്യേ നിരവധി ആളുകളാണ് പരിപാടി കാണുന്നതിന് എത്തിയത്.പ്രദർശന വേദിയിൽ മൂന്നാം ദിവസമായ ഇന്ന് രാവിലെ 10.30ണ് കരുത്താർന്ന പൊതുവിദ്യാഭ്യാസം കരുതലാർന്ന ജീവിതം എന്ന വിഷയത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ സെമിനാർ നടക്കും.11.45ന് സുസ്ഥിരവികസന ലക്ഷ്യങ്ങൾ എന്ന വിഷയത്തിൽ എക്കണോമിക് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ നേതൃത്വത്തിൽ സെമിനാർ നടക്കും. ഉച്ചയ്ക്ക് രണ്ടു മുതൽ എക്സൈസ് പോലീസ് വകുപ്പുകളുടെ സംയുക്ത ആഭിമുഖ്യത്തിൽ ലഹരി ഉപ



യോഗം യുവജനങ്ങൾക്കിടയിൽ എന്ന വിഷയത്തിൽ സെമിനാർ നടക്കും. സിറ്റി പോലീസ് കമ്മീഷണർ കെ. സേതുരാമൻ ഉദ്ഘാടനം ചെയ്യും.ലഹരി വിരുദ്ധ അനുഭവസാക്ഷ്യം,നാടൻ പാട്ട്, ഫ്ലാഷ് മോബ്,ഓട്ടൻതുള്ളൽ,മൈം,മാജിക് ഷോ എന്നിവ പരിപാടിയുടെ ഭാഗമായി നടക്കും. വൈകിട്ട് 7ന് പ്രശസ്ത ഗായകരായ ദുർഗ വിശ്വനാഥിന്റെയും, വിപിൻ സേവ്യയാറിന്റെയും നേതൃത്വത്തിൽ ഗാനമേളയും നടക്കും.

# കോവിഡ് വ്യാപനം: മുൻകരുതൽ ശക്തമാക്കണമെന്ന് ഐ.എം.എ കൊച്ചി

## വ്യാപിക്കുന്നത് ഒമിക്രോൺ വകഭേദത്തിന്റെ ഉപശാഖയായ എക്സ്ബിബി.1.16 (തആആ.1.16)

**കൊച്ചി:** ഇടവേളയ്ക്ക് ശേഷം കോവിഡ് വീണ്ടും വർധിച്ചു വരുന്ന സാഹചര്യത്തിൽ രോഗം വ്യാപനം തടയാൻ മുൻകരുതൽ കൂടുതൽ ശക്തമാക്കണമെന്ന് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (ഐ.എം.എ) കൊച്ചി ഘടകം. വായുസഞ്ചാരമില്ലാത്ത അടഞ്ഞ മുറികളിൽ ഉള്ള ഒത്തുചേരലുകൾ തൽക്കാലം ഒഴിവാക്കുകയോ കുറയ്ക്കുകയോ ചെയ്യണമെന്നും അനുബന്ധരോഗമുള്ളവർ, പ്രായം ചെന്നവർ ഇത്തരം സാഹചര്യങ്ങളിൽപ്പെടാതെ സൂക്ഷിക്കണമെന്നുംഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ.എസ്.ശ്രീനിവാസ കമ്മത്ത്, സെക്രട്ടറി ഡോ. ജോർജ്ജ് തുകലൻ,സയന്റിഫിക്ക് അഡ്വൈസർ ഡോ.രാജീവ് ജയദേവൻ എന്നിവർ പറഞ്ഞു. ഒമിക്രോൺ വകഭേദത്തിന്റെ ഉപശാഖയായ എക്സ്ബിബി.1.16 (XBB.1.16) നിലവിൽ രാജ്യത്ത് വ്യാപിക്കുന്നതെന്നാണ് വ്യക്തമായിരിക്കുന്നത്.രോഗലക്ഷണമില്ലാതെയും കോവിഡ് കണ്ടുവരുന്നുണ്ട്. രോഗികളുടെ എണ്ണത്തിൽ ഗണ്യമായ വർധനവുണ്ടാകുന്നുണ്ടെങ്കിലും നിലവിൽ മിക്കവർക്കും ഗുരുതരമാകുന്നില്ല. വീട്ടിൽ തന്നെ ചികിൽസിക്കാവുന്ന കേസുകളാണ് അധികവും, ഇവർക്ക് ആശുപത്രിയിൽ അഡ്മിറ്റ് ആകേണ്ടി വരുന്നില്ല.നിരന്തരം ജനിതക മാറ്റങ്ങൾ ഈ വൈറസിന്റെ രീതിയാണ്, ഇതു മൂലം മുൻപ് രോഗം വന്നു പോയവരിലും വാക്സിൻ, ബൂസ്റ്റർ ഡോസ് എടുത്തവരിലും രോഗബാധയുണ്ടാകാൻ സാധ്യതയുണ്ട്. വാക്സിൻ എടുത്തിട്ടുള്ളവരിൽ രോഗം ഉണ്ടായാലും ഗുരുതര രോഗസാധ്യത വളരെ കുറവാണ്. എന്നാൽ പ്രായം ചെന്നവർ, ഗുരുതരമായ അനുബന്ധ രോഗമുള്ളവർ എന്നിവരിൽ കോവിഡ് കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ആശുപത്രിയിൽ അഡ്മിറ്റ് ആവുകയും ചിലർക്ക് തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സ വേണ്ടി വരുന്നതായും കാണുന്നുണ്ട്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ പോലെ കേരളത്തിലും സമാനമായ അവസ്ഥയാണുള്ളതെന്നും ഐ.എം.എ ഭാരവാഹികൾ വ്യക്തമാക്കി. പനി, ജലദോഷം, തലവേദന ശരീര വേദന, ഉള്ള എല്ലാവർക്കും കൊവിഡ് പരിശോധന നടത്തുക സാധ്യമല്ല, അതിൽ ഔദ്യോഗികമായി റിപ്പോർട്ട് ചെയ്യുന്നതിനേക്കാൾ കൂടുതൽ രോഗബാധിതർ സമൂഹത്തിൽ ഉണ്ടാകും. നിലവിൽ ആശങ്കപ്പെടേണ്ട സാഹചര്യമില്ലെങ്കിലും രോഗം കൂടുതൽ പേരിലേക്ക് വ്യാപിച്ചാൽ ആനുപാതികമായി രോഗം ഗുരുതരമാകാനും അതുവഴി ആശുപത്രികളിൽ തിരിക്ക് അനുഭവപ്പെടാനും സാധ്യതയുണ്ട്. ഇത് മുന്നിൽ കണ്ട് അടുത്ത ഏതാനും ആഴ്കളിൽ മുൻകരുതൽ കൂടുതൽ ശക്തമാക്കണമെന്നും ഐ.എം.എ ഭാരവാഹികൾ ആവശ്യപ്പെട്ടു.അടുത്ത കാലത്തായി ഡോക്ടർമാർ അടക്കമുള്ള ആരോഗ്യപ്രവർത്തകർക്കം രോഗം ബാധിക്കുന്നുണ്ട്. എന്നാൽ ആരിലും ഗുരുതരാവസ്ഥയില്ല. ആശുപത്രികളിൽ എത്തുന്നവർ നിർബന്ധമായും മാസ്ക്ക് ധരിക്കണം, പനിയുള്ള വ്യക്തികൾ പനി മാറുന്നതു വരെ മറ്റുള്ളവരുമായി ഇടപഴകാതെ ശ്രദ്ധിക്കുക. ഡോക്ടറുടെ നിർദേശപ്രകാരമല്ലാതെ ആന്റിബിയോട്ടിക്കുകൾ സ്വയം വാങ്ങി കഴിക്കരുത്. തുടക്കത്തിൽ ജലദോഷ ലക്ഷണങ്ങൾ കാണുക പതിവാണെങ്കിലും രക്തക്കുഴലുകളെയും മറ്റും ബാധിക്കാൻ കഴിവുള്ള ഒരു പ്രത്യേക തരം രോഗമാണ് കോവിഡ്. കഠിനമായ കോവിഡ് ലക്ഷണങ്ങൾ ഇല്ലാത്തവരിലും പിൽക്കാലത്ത് പല രീതിയിലുള്ള ഗുരുതരാവസ്ഥകൾ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ കഴിവതും രോഗം വരാതെ നോക്കണമെന്നും ഐ.എം.എ ഭാരവാഹികൾ വ്യക്തമാക്കി. കോവിഡ് ആരംഭിച്ചതു മുതൽ ഐ.എം.എ കൊച്ചിയുടെ നേതൃത്വത്തിൽ എല്ലാ ചൊവ്വാഴ്ചകളിലും കൃത്യമായി വിവിധ ശ്രേണിയിലുള്ള ഡോക്ടർമാർ ഓൺലൈൻ ആയി മീറ്റിംഗുകൾ ചേരുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തിരുന്നു. ഇപ്പോഴും ഇത് തുടരുന്നുണ്ട്.

# ഇരുപത്തിയാറ് പഞ്ചായത്തുകളിൽ വിജയകരമായി പൂർത്തിയാക്കി നൈപുണ്യ നഗരം പദ്ധതി

**കൊച്ചി:** മുതിർന്ന പൗരന്മാരെയും സ്മാർട്ടാക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച നൈപുണ്യ നഗരം പദ്ധതി 26 പഞ്ചായത്തുകളിൽ വിജയകരമായി പൂർത്തിയാക്കി. ജില്ലാ ആസൂത്രണ സമിതിയും ജില്ലാ പഞ്ചായത്തും സംയുക്തമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കിയത്. തൃപ്പൂണിത്തുറ, പിറവം, മൂവാറ്റുപുഴ, നോർത്ത് പറവൂർ, തൃക്കാക്കര, പെരുമ്പാവൂർ മുനിസിപ്പാലിറ്റികളിലും വരാപ്പുഴ, ആമ്പല്ലൂർ, മുളന്തുരുത്തി, വടക്കേക്കര, കടമക്കുടി, എടക്കാട്ടുവയൽ, കുഴുപ്പിള്ളി, കുമ്പളം, പള്ളിപ്പുറം, മഴുവന്നൂർ, കരുമാലൂർ, ഐക്കരനാട്, പുത്തൻവേലിക്കര, ആയവന, വാരപ്പെട്ടി, കടുങ്ങല്ലൂർ, നായരമ്പലം, മലയാറ്റൂർ നീലീശ്വരം, കോട്ടുവള്ളി, കാലടി എന്നീ പഞ്ചായത്തുകളിലുണ് 2022 23 സാമ്പത്തിക വർഷത്തിൽ പദ്ധതി പൂർത്തീകരിച്ചത്.82 ഗ്രാമപഞ്ചായത്തുകളിലെയും 13 നഗരസഭകളിലെയും 50 വീതം വയോജനങ്ങൾക്ക് കമ്പ്യൂട്ടർ അധിഷ്ഠിത ഉപകരണങ്ങളിൽ പരിജ്ഞാനം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. മുതിർന്ന പൗരന്മാർക്ക് സൗജന്യമായാണ് പരിശീലനം നൽകുന്നത്.വാർത്ത വിനിമയരംഗത്തും പണമിടപാട് രംഗത്തും ഉണ്ടായ നൂതന സാങ്കേതികവിദ്യകൾ, ഈമെയിലുകൾ, ഗൂഗിൾ മീറ്റുകൾ, മലയാളത്തിലും ഇംഗ്ലീഷിലും ഡോക്യുമെന്റ് തയ്യാറാക്കൽ, പ്രിന്റ് എടുക്കൽ, പവർ പോയിന്റ് പ്രസന്റേഷൻ തയ്യാറാക്കൽ തുടങ്ങിയവയാണ് 10 ദിവസത്തെ പരിശീലന പരിപാടി ഉൾപ്പെടുത്തി നടപ്പിലാക്കുന്നത്. തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലുള്ള കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസാണ് പദ്ധതിയുടെ ഏകോപനം നിർവഹിച്ചത്. ഐ.എച്ച്.ആർ.ഡി. യുടെ എറണാകുളം റീജിയണൽ സെന്ററാണ് പരിശീലനം നൽകിയത്.

# ട്രാൻസ് ജെൻഡർ സമൂഹത്തിന് പ്രത്യേക ക്ലിനിക്ക് തുറന്നു

**കൊച്ചി:** ട്രാൻസ് ജെൻഡർ സമൂഹത്തിനായി കൂടുതൽ പദ്ധതികൾ ഒരുക്കുമെന്ന് വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് . ട്രാൻസ് ജെൻഡർ വ്യക്തികൾക്കുള്ള ജില്ലാ പഞ്ചായത്തിന്റെ പ്രത്യേക ക്ലിനിക്കായ മാരിവില്ലിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. തൊഴിലും മെച്ചപ്പെട്ട സൗകര്യങ്ങളും നൽകി ട്രാൻസ് ജെൻഡർ സമൂഹത്തിനെ മുഖ്യധാരയിലേക്ക് ഉയർത്തി കൊണ്ടു വരുമെന്നും മന്ത്രി പറഞ്ഞു.ചടങ്ങിൽ ഉമ തോമസ് എംഎൽഎ അധ്യക്ഷത വഹിച്ചു. ട്രാൻസ്ജെൻഡർ വ്യക്തിത്വങ്ങളെ സമൂഹം കൂടുതൽ ചേർത്ത് പിടിക്കണമെന്ന് ഉമ തോമസ് പറഞ്ഞു. തൊഴിൽ മേഖലകളിൽ ട്രാൻസ്ജെൻഡർ സമൂഹത്തിന് കൂടുതൽ പരിഗണന നൽകണമെന്നും എംഎൽഎ പറഞ്ഞു. ഏത് സമയത്തും വിളിപ്പുറത്തെത്തുന്ന സഹോദരനായി താനുണ്ടാകുമെന്ന് ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് പറഞ്ഞു.ജില്ലാ പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതി 202223ൽ ഉൾപ്പെടുത്തിയാണ് മാരിവില്ല് ട്രാൻസ്ജെൻഡർ വിഭാഗത്തിനുള്ള പ്രത്യേക ക്ലിനിക്ക് ആരംഭിച്ചത്. ട്രാൻസ്ജെൻഡർ വിഭാഗത്തിൽ നിന്നുള്ള ഡോക്ടർ തന്നെയാണ് ക്ലിനിക്കിൽ സേവനമനുഷ്ഠിക്കുക. വൈറ്റില മൊബിലിറ്റി ഹബ്ബിനു സമീപമാണ് ക്ലിനിക്ക് പ്രവർത്തിക്കുന്നത്. ഡോക്ടർക്കു പുറമേ ഒരു നഴ്സ്, രണ്ടു വോളന്റിയേഴ്സ്, ഒരു ഓഫീസ് സ്റ്റാഫ് എന്നിവരുടെ സേവനവും ലഭിക്കും. പരിശോധന, ചികിത്സ എന്നിവയോടൊപ്പം ഓരോ ട്രാൻസ്ജെൻഡറിനേയും കണ്ടെത്തി ആവശ്യമായ അവബോധം നൽകുന്നതും വിദഗ്ദ്ധ ചികിത്സ ആവശ്യമുള്ളവരെ അതിനായി സഹായിക്കുന്നതും ഈ പരിപാടിയുടെ ഭാഗമാണ്.ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് , ജില്ലാ പഞ്ചായത്ത് സെക്രട്ടറി പി.ജി പ്രകാശ് ,വൈസ് പ്രസിഡന്റ് സനിത റഹീം,ജില്ലാ പഞ്ചായത്ത് അംഗങ്ങളായ ഷൈനി ജോർജ്ജ്, എ.എസ്. അനിൽകുമാർ, മനോജ് മൂത്തേടൻ, കെ.വി. രവീന്ദ്രൻ, അനിമോൾ ബേബി, സഹൃദയ അസി. ഡയറക്ടർ സിബിൻ മനയംപിള്ളി, ജില്ലാ പഞ്ചായത്ത് ഫിനാൻസ് ഓഫീസർ ജോബി തോമസ്, സൂപ്രണ്ട് ജോസഫ് അലക്സാണ്ടർ ,സമൃദ്ധി വെൽഫെയർ സർവ്വീസ് ഡയറക്ടർ ഫാ.ജോസ് കൊളുത്തുവെള്ളിൽ എന്നിവർ പങ്കെടുത്തു.

# വസ്തു ലേലം

കൊച്ചി: ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കളമശേരി കോടതിയുടെ ഇങ്ങജ 2157/18 30 നമ്പർ വാറണ്ട് കക്ഷിയായ അരുൺ, ട/ീ. സുബ്രഹ്മണ്യൻ (ഘമലേ) ഒറവത്തുരുത്തിൽ ഹൗസ്, കാലടി എന്നയാളുടെ അവകാശമുള്ള ഭൂമി അറ്റാച്ച് ചെയ്യുവാൻ വാറണ്ട് ലഭിച്ചിട്ടുള്ളതാണ്. വാറണ്ട് കക്ഷിയുടെ പേരിൽ ഭൂമിയില്ലാത്തതിനാൽ ടിയാന്റെ പിതാവിന്റെ പേരിലുള്ള കാലടി വില്ലേജ്, ബ്ലോക്ക് 26, റീസർവെ 2828 ൽപ്പെട്ട 10.60 ആർ വസ്തു (പുരയിടം) ഉള്ളതും ടിയാൻ മരണപ്പെട്ട് പോയിട്ടുള്ളതും ഇതിന് അവകാശികളായ അരുൺ ഉൾപ്പെടെ അഞ്ചു പേർ ഉള്ളതുമാണ്. ടി വസ്തുവിൽ വാറണ്ട് കക്ഷിക്കുള്ള 1/5 അവകാശം 18/03/23ാം തീയതി ജപ്തി ചെയ്ത് സ്കെച്ച് മഹസ്സർ തയ്യാറാക്കിയിട്ടുള്ളതാണ്. 1/5 അവകാശം ലേല നടപടി സ്വീകരിക്കുവാൻ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയുടെ 17/01/23ലെ കത്തിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. ടി സ്ഥലം മേക്കാലടി ജംഗ്ഷനിൽ നിന്ന് 120 മീറ്റർ വടക്കുമാറി കിഴക്കോട്ട് പോകുന്ന പഞ്ചായത്ത് റോഡിൽ ഉദ്ദേശം 150 മീറ്റർ ചെല്ലുന്നിടത്ത് റോഡിന് വടക്ക് വശത്ത് സ്ഥിതി ചെയ്യുന്നു. ടി സ്ഥലത്തിന് ആർ ഒന്നിന് 753,655 (ഏഴു ലക്ഷത്തി അൻപത്തി മൂവായിരത്തി അറുനൂറ്റി അൻപത്തി അഞ്ചു രൂപ) കണക്കാക്കാവുന്നതുമാണ്. മൊത്ത സ്ഥലത്തിന്റെ 1/5 അവകാശവും ചമയങ്ങളും ആലുവ തഹസിൽദാരോ തഹസിൽദാർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ 2023 മെയ് 11ന് രാവിലെ 11.30ന് കാലടി വില്ലേജാഫീസിൽ പരസ്യമായി ലേലത്തിൽ വിൽപ്പന നടത്തുന്നതാണ് എന്ന വിവരം വീഴ്ചക്കാരനേയും പൊതു ജനങ്ങളേയും പൊതുവായി ഇതിനാൽ അറിയിക്കുന്നു.

# അസിസ്റ്റന്റ് പ്രൊഫസർ വാക്ക്ഇൻഇന്റർവ്യൂ

**കൊച്ചി:** തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവേദ കോളേജിൽ കായചികിത്സ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ രണ്ട് ഒഴിവുകളുണ്ട്. പ്രസ്തുത തസ്തികയിലേയ്ക്ക് വാക്ക്ഇൻഇന്റർവ്യൂ നടത്തി കരാറടിസ്ഥാനത്തിൽ താത്കാലികമായി നിയമിക്കുന്നതിന് ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദ യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. കരാറടിസ്ഥാനത്തിലുള്ള കാലാവധി പരമാവധി ഒരു വർഷമോ, അതിനുമുമ്പ് സ്ഥിര നിയമനം നടത്തുന്നതുവരേയോ ആയിരിക്കും. യോഗ്യത ആയുർവേദത്തിലെ കായചികിത്സ വിഷയത്തിൽ ബിരുദാനന്തര ബിരുദം. എ ക്ലാസ്സ് മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ പ്രവൃത്തി പരിചയം അഭിലഷണീയം. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ ഏപ്രിൽ 12ന് രാവിലെ 11ന് കൂടിക്കാഴ്ചയ്ക്കായി തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവേദ കോളേജ് പ്രിൻസിപ്പാൾ മുൻപാകെ ബയോഡാറ്റ, ജനനതീയതി, വിദ്യാഭ്യാസ യോഗ്യത, മുൻപരിചയം എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകേണ്ടതാണ്.

# ആൻഡ്രോയിഡ് ഡിസ്പ്ലേയിൽ പ്രവർത്തിക്കുന്ന ഇലക്ട്രിക് ബൈക്ക് 'വേഡർ' പുറത്തിറക്കി ഒഡീസി

**മുംബൈ:** പ്രീമിയം ഇലക്ട്രിക് വാഹന നിർമ്മാതാക്കളായ ഒഡീസി ഇലക്ട്രിക് വെഹിക്കിൾസ് തങ്ങളുടെ പുതിയ ഇലക്ട്രിക് മോട്ടോർ ബൈക്ക് വേഡർ വേഡർ പുറത്തിറക്കി. 7 ഇഞ്ച് ആൻഡ്രോയിഡ് ഡിസ്പ്ലേ നൽകുന്ന ഇന്ത്യയിലെ ആദ്യത്തെ മോട്ടോർബൈക്കായ ഒഡീസി വേഡർ ഒരു ആപ്പും ബ്ലൂടൂത്ത് കണക്റ്റിവിറ്റിയും ഉപയോഗിച്ച് നിയന്ത്രിക്കാനാകുമെന്ന് ഒഡീസി ഇലക്ട്രിക് വെഹിക്കിൾസ് പ്രൈവറ്റ് ലിമിറ്റഡ് സിഇഒ നെമിൻ വോറ പറഞ്ഞു

ഇക്കോ മോഡിൽ 125 കിലോമീറ്റർ റേഞ്ച് നൽകുന്നു. പൂർണ്ണമായും ഇന്ത്യയിൽ നിർമ്മിച്ച ഒഡീസ് വേഡർ 1,09,999 (എക്സ് ഷോറൂം അഹമ്മദാബാദ്) എന്ന പ്രാരംഭ വിലയിലാണ് പുറത്തിറക്കിയത്. ഒഡീസി വേഡർ പുതുതായി അവതരിപ്പിച്ച ഒഡീസി ഇവി ആപ്പാണ് നൽകുന്നത്. ബൈക്ക് ലൊക്കേറ്റർ, ജിയോ ഫെൻസ്, ഇമ്മൊബിലൈസേഷൻ, ആന്റി തെഫ്റ്റ്, ട്രാക്ക് ആന്റ് ട്രെയ്സ്, ലോ ബാറ്ററി അലർട്ട് തുടങ്ങിയ കണക്ടിവിറ്റി ഫീച്ചറുകളോടെയാണ് ഈ ആപ്പ് വരുന്നത്. നിരവധി ആവേശകരമായ പുതിയ ഫീച്ചറുകൾ, പുതിയ എഞ്ചിൻ സാങ്കേതിക വിദ്യകൾ എന്നിവയുമായി വരുന്ന ഇലക്ട്രിക് മോട്ടോർബൈക്ക്, മിഡ്നൈറ്റ് ബ്ലൂ, ഫയറി റെഡ്, ഗ്ലോസി ബ്ലാക്ക്, വെനം ഗ്രീൻ, മിസ്റ്റി ഗ്രേ എന്നിങ്ങനെ അഞ്ച് പുതിയ നിറങ്ങളിൽ ലഭ്യമാണ്.മണിക്കൂറിൽ 85 കിലോമീറ്റർ വേഗതയുള്ള 3000 വാട്ട്സ് ഇലക്ട്രിക് മോട്ടോറാണ് ഒഡീസി വേഡറിന് കരുത്തേകുന്നത്. 128 കിലോഗ്രാം ഭാരമുള്ള ഇലക്ട്രിക് ബൈക്കിൽ കോമ്പി ബ്രേക്കിംഗ് സിസ്റ്റം (സിബിഎസ്), മുന്നിൽ 240 എംഎം ഡിസ്ക് ബ്രേക്ക്, പിന്നിൽ 220 എംഎം ഡിസ്ക് ബ്രേക്ക് എന്നിവ ഉൾപ്പെടുന്നു. ചാർജ് ചെയ്യാനുള്ള എളുപ്പത്തിനായി, കമ്പനി IP67 AIS 156 അംഗീകൃത ലിഥിയംഅയൺ ബാറ്ററി ഉൾപ്പെടുത്തിയിട്ടുണ്ട്, അത് 4 മണിക്കൂറിനുള്ളിൽ പൂർണ്ണമായി ചാർജ് ചെയ്യാൻ കഴിയും. അകട156 അംഗീകൃത ബാറ്ററി പായ്ക്ക് താരതമ്യപ്പെടുത്താനാവാത്ത ഫാസ്റ്റ് ചാർജിംഗ് ഉറപ്പാക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.7 ഇഞ്ച്



ആൻഡ്രോയിഡ് ഡിസ്പ്ലേ, ഗൂഗിൾ മാപ്സ് നാവിഗേഷൻ, 18 ലിറ്റർ സ്റ്റോറേജ് സ്പേസ്, ഒടിഎ അപ്ഡേറ്റ്, ബ്ലൂടൂത്ത് കണക്റ്റിവിറ്റി, ഒന്നിലധികം കളർ ഓപ്ഷനുകൾ എന്നിവ ഒഡീസി വേഡർ ഇലക്ട്രിക് മോട്ടോർബൈക്കിന്റെ സവിശേഷതയാണ് ഇത് ഇന്ന് ലഭ്യമായ ഏറ്റവും സമഗ്രമായ ഇബൈക്ക് പാക്കേജിൽ ഒന്നാണെന്നും നെമിൻ വോറ പറഞ്ഞു.എൽഇഡി ലൈറ്റിംഗ്, റീജനറേറ്റീവ് ബ്രേക്കിംഗ്, എളുപ്പത്തിൽ ഉപയോഗിക്കാവുന്ന ബാറ്ററി മാനേജ്മെന്റ് സിസ്റ്റം തുടങ്ങിയ നൂതന സാങ്കേതികവിദ്യകൾക്കൊപ്പം, വേഡർ അസാധാരണമായ സുരക്ഷാ നടപടികളും ഏറ്റവും പുതിയ ഫീച്ചറുകളും മിതമായ നിരക്കിൽ വാഗ്ദാനം ചെയ്യുന്നു. ഈ അദ്വിതീയ സവിശേഷതകൾ വേഡർ നെ വിപണിയിലെ മറ്റ് ഇവികളിൽ നിന്ന് വേറിട്ടു നിർത്തുകയും ഭാവിയിൽ ഹരിത ഗതാഗതത്തെക്കുറിച്ചുള്ള ധാരണകൾ മാറ്റുന്നതിൽ ഇത് ഇത്രയധികം സ്വാധീനം ചെലുത്തുകയും ചെയ്യുന്നത് എന്തുകൊണ്ടാണെന്ന് തെളിയിക്കുകയും ചെയ്യുന്നുവെന്നും അദ്ദേഹം പറഞ്ഞു. എല്ലാവർക്കും ആക്സസ് ചെയ്യാൻ കഴിയുന്ന സുസ്ഥിരവും താങ്ങാനാവുന്നതുമായ മൊബിലിറ്റി നൽകുക എന്നതാണ് തങ്ങളുടെ ലക്ഷ്യം. ഈ ലക്ഷ്യം നേടുന്നതിനുള്ള ആദ്യപടി എല്ലാവർക്കും പ്രവർത്തിക്കാൻ കഴിയുന്ന ഒരു താങ്ങാനാവുന്ന ഉൽപ്പന്നം സൃഷ്ടിക്കുക എന്നതാണ്. താങ്ങാവുന്ന വിലയ്ക്ക് അത്യാധുനിക സാങ്കേതിക വിദ്യ വിപണിയിൽ അവതരിപ്പിച്ചുകൊണ്ട് എല്ലാ റൈഡർമാർക്കും ഗതാഗതം കൂടുതൽ കാര്യക്ഷമമാക്കാൻ വേഡർ സഹായിക്കുമെന്ന് തങ്ങൾ വിശ്വസിക്കുന്നു.ഇലക്ട്രിക് ബൈക്ക് ബാറ്ററിയിൽ 3 വർഷത്തെ വാറന്റിയും പവർട്രെയിനിൽ 3 വർഷത്തെ വാറന്റിയും കമ്പനി വാഗ്ദാനം ചെയ്യുന്നു. ഒഡീസി വേഡർ ഓൺലൈനായും കമ്പനിയുടെ 68 ഔട്ട്ലെറ്റുകളുള്ള ഡീലർഷിപ്പ് ശൃംഖലയിലുടനീളവും 999 രൂപ ബുക്കിംഗ് തുകയ്ക്ക് ലഭ്യമാണ്. ഈ വർഷം ജൂലൈ മുതൽ ഒഡീസ് വേഡർ ന്റെ ഡെലിവറി ആരംഭിക്കുമെന്നും അദ്ദേഹം പറഞ്ഞു.

# പുതിയ സമ്മർ കളക്ഷൻ അവതരിപ്പിച്ച് സൂച്ച്

**കൊച്ചി:** ഇന്ത്യയിലെ ഓറ്റവും വലിയ വസ്ത്ര ബ്രാൻഡുകളിലൊന്നായ സൂച്ച്, ഏറ്റവും പുതിയ സ്പ്രിങ് സമ്മർ കളക്ഷൻ 2023 പുറത്തിറക്കി. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ കാണപ്പെടുന്ന പരമ്പരാഗത ഇന്ത്യൻ കലകളുടെയും കരകൗശല വസ്തുക്കളുടെയും സമ്പന്നമായ പാരമ്പര്യത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടതാണ് സൂച്ചിന്റെ പുതിയ ശേഖരം. ഗുജറാത്തിലെ സങ്കീർണമായ ചുമർ ചിത്ര കരകൗശലവസ്തുക്കൾ, വാതിൽപ്പടികളിലെ അലങ്കാര കല, വൈവിധ്യമാർന്ന കോലം, ലിപ്പൻ കല, ഇക്കാട്ട് തുടങ്ങിയ പരമ്പരാഗത കലാരൂപങ്ങൾക്കുള്ള ആദരം കൂടിയാണ് പുതിയ ശേഖരം. കോലം കലയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുള്ള എംബ്രോയിഡറി ഉപയോഗിച്ചുള്ള സങ്കീർണമായ ജ്യാമിതീയ രൂപങ്ങൾശേഖരത്തിലുണ്ട്. ഗുജറാത്തിലെ കച്ചിൽ നിന്നുള്ള പരമ്പരാഗത ലിപ്പൻ ചുമർ ചിത്ര കലയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് മ്യൂസ് ഓഫ് മിറേഴ്സ് തയാറാക്കിയിരിക്കുന്നത്. നെക്ക്ലൈനുകൾ, കൈകൾ, ബോർഡറുകൾ, സിലൗട്ടുകൾ എന്നിവയെ അതിലോലവും ആസ്വാദ്യവുമായ രീതിയിൽ മെച്ചപ്പെടുത്തുന്ന തരത്തിൽ ഓരോ പീസിലും സങ്കീർണ്ണമായ പാറ്റേണുകൾ പ്രദർശിപ്പിക്കുന്നു. പരമ്പരാഗത ഇക്കാത്ത് നെയ്ത്തുകാരിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട സാരികളാണ് ഇക്കാത്ത് ഇംപ്രഷൻസ് ശേഖരത്തിൽ അവതരിപ്പിക്കുന്നത്. സംബൽപുരി, പോച്ചംപള്ളി, പടോല എന്നിവിടങ്ങളിൽ നിന്നുള്ള ഒറ്റ, ഇരട്ട ഇക്കാറ്റ് പാറ്റേൺ പ്രിന്റുകൾ ഇതിൽ ഉൾപ്പെടുന്നു. ഇളം നിറങ്ങളിലാണ് സൂച്ച് സ്പ്രിങ് സമ്മർ കളക്ഷൻ അവതരിപ്പിച്ചിരിക്കുന്നത്. സാരികൾ, സൽവാർ സ്യൂട്ടുകൾ, കുർത്തകൾ, ട്യൂണിക്കുകൾ, കുർത്ത സെറ്റുകൾ, ലഹങ്കകൾ, കഫ്താൻ എന്നിവ ഉൾപ്പെടുന്നു. 798 രൂപയാണ് സമ്മർ കളക്ഷനുകളുടെ പ്രാരംഭ വില. എല്ലാ സൂച്ച് ഔട്ട്ലറ്റുകളിലും ഓൺലൈനിനും ംംം.ീരവ.രീാലും പുതിയ ശേഖരത്തിലുള്ള വസ്ത്രങ്ങൾ ലഭ്യമാവും.

# ക്ലീൻ കൊച്ചി: ഹരിത കർമ്മസേന ആദ്യ ബാച്ച് പരിശീലനം പൂർത്തിയായി

**കൊച്ചി:** കൊച്ചി നഗരത്തിൽ രജിസ്ട്രേഷൻ പൂർത്തിയാക്കിയ ഹരിത കർമ്മ സേനയുടെ ആദ്യ ബാച്ചിന് പരിശീലനം നടന്നു. നൂറ്റിയൻപതിലധികം തൊഴിലാളികൾ ഉൾപ്പെടുന്ന ആദ്യ ബാച്ചിൻറെ പരിശീലനമാണ് എറണാകുളം ബി.ടി.എച്ച്. ഹോട്ടലിൽ വച്ച് നടന്നത്. ഇവർക്ക് ജൈവ അജൈവ മാലിന്യങ്ങൾ തരംതിരിക്കുന്നത് സംബന്ധിച്ച് സംസ്ഥാന ശുചിത്വമിഷൻറെ നേതൃത്വത്തിൽ ക്ലാസ്സുകൾ നടത്തി. ഏപ്രിൽ മാസം മുതൽ ഹരിത കർമ്മസേനാംഗങ്ങൾ വഴി മാലിന്യ ശേഖരണം നടപ്പാക്കുവാനാണ് നഗരസഭ ലക്ഷ്യമിടുന്നത്. രജിസ്ട്രേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് അടുത്ത ബാച്ചുകളുടെയും പരിശീലനം നടക്കും. നഗരസഭയുടെ പുതിയ മാലിന്യ സംസ്കരണ രീതികളെ കുറിച്ച് അഡ്വ. എം. അനിൽകുമാർ ആദ്യ ബാച്ചിലെ ഹരിതകർമ്മസേനാംഗങ്ങളോട് വിശദീകരിച്ചു. കുടുംബശ്രീ ജില്ലാ മിഷൻ കോ ഓർഡിനേറ്റർ റെജീന, നവ കേരള മിഷൻ ജില്ലാ കോ ഓർഡിനേറ്റർ രഞ്ജിനി എസ്., സംസ്ഥാന ശുചിത്വമിഷൻ പ്രോഗ്രാം ഓഫീസർമാരായ അമീർഷാ ധന്യ എന്നിവർ പങ്കെടുത്തു.

# കൊച്ചിയുടെ വികസനം: വിവിധ പദ്ധതികൾക്ക് അംഗീകാരം നൽകി സ്മാർട്ട്സിറ്റി ബോർഡ്

**കൊച്ചി:** കൊച്ചി നഗരത്തിന്റെ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സുപ്രധാനമായ ചില പദ്ധതികൾക്ക് പണം നീക്കിവെക്കാൻ ചീഫ് സെക്രട്ടറി വി.പി. ജോയ് അദ്ധ്യക്ഷനായി ചേർന്ന സ്മാർട്ട്സിറ്റി ബോർഡ് മീറ്റിംഗ് തീരുമാനിച്ചു. എറണാകുളത്തെ കെ എസ് ആർ ടി സി ബസ് സ്റ്റാൻഡിൻറെ പുനരുദ്ധാരണമാണ് അതിൽ ഏറ്റവും പ്രധാനം. കെ എസ് ആർ ടി സി ബസ് സ്റ്റാൻറിൻറെ വെള്ളക്കെട്ട് ഇല്ലാത്ത കാരിക്കാമുറിയിലെ സ്ഥലം വൈറ്റില മൊബിലിറ്റി ഹബ് സൊസൈറ്റിയ്ക്ക് നൽകുവാനും പകരം വൈറ്റില മൊബിലിറ്റി ഹബ്ബിൽ തത്തുല്യമായ തുകയ്ക്കുള്ള ഭൂമി കെഎസ്ആർടിസിക്ക് നൽകുവാനും തീരുമാനമായി. വൈറ്റില മൊബിലിറ്റി ഹബ്ബ് ഏറ്റെടുക്കുന്ന കാരിക്കാമുറിയിലെ ഭൂമിയിൽ കെഎസ്ആർടിസി ബസ്സുകൾക്കും സ്വകാര്യ ബസുകൾക്കും കയറാൻ കഴിയുന്ന മൊബിലിറ്റി ഹബ്ബിൻറെ അതേ മാതൃകയിലുള്ള ഒരു കെട്ടിടം നിർമ്മിക്കും. യാത്രക്കാർക്ക് ആവശ്യമായ ശുചിമുറി സൗകര്യങ്ങൾ, കാത്തിരിപ്പ് കേന്ദ്രങ്ങൾ എന്നിവ ഈ കെട്ടിടത്തിലുണ്ടാകും.ഇതിനായി 12 കോടി രൂപ നിർമ്മാണ ചുമതയുള്ള കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കൈമാറും. മഹാരാജാസ് കോളേജിലെ ആസ്ട്രോ ടർഫിന് 6.35 കോടി രൂപ നൽകുവാനും യോഗത്തിൽ തീരുമാനിച്ചു. സ്പോർട്സ് വകുപ്പിന് കീഴിലുള്ള നിർമ്മാണ കമ്പനിയായിരിക്കും പ്രസ്തുത നിർമ്മാണം ഏറ്റെടുത്ത് പൂർത്തീകരിക്കുക. കൊച്ചി നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ചെന്നൈ മോഡൽ അത്യാധുനിക മെഷിനറികൾ വാങ്ങുവാനുള്ള 7.5 കോടി രൂപയും യോഗത്തിൽ പാസ്സാക്കിയിട്ടുണ്ട്.കൊച്ചി നഗര വികസനത്തിന സഹായകരമായ പദ്ധതികൾ ആണ് സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി വേഗതത്തിൽ പൂർത്തീകരിക്കാൻ ബോർഡ് മീറ്റിംഗ് തീരുമാനിച്ചിട്ടുള്ളത്. ഇന്ന് കെഎസ്ആർടിസി സ്റ്റാൻറിലെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സിറ്റി ലെവൽ അഡ്വൈസറി ഫോറവും ചേർന്നു. എം പി ഹൈബി ഈഡൻ, ജില്ലാ കളക്ടർ ഉമേഷ് ഐഎഎസ്., സ്വകാര്യ ബസ് ഉടമസ്ഥരുടെ സംഘടന പ്രതിനിധികൾ, ട്രാഫിക് പോലീസ് മോട്ടോർ വാഹന വകുപ്പ്, കൺസ്ട്രക്ഷൻ കോർപ്പറേഷൻ എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരും പങ്കെടുത്തു. ജനപ്രതിനിധികളുടെ അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്ത് ഈ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകാനാണ് തീരുമാനം

# ഉറവിട മാലിന്യ സംസ്കരണം: രവിപുരം മാതൃകാ ഡിവിഷൻ

**കൊച്ചി:** ഉറവിട മാലിന്യ സംസ്കരണം ഉൾപ്പെടെയുള്ള ശാസ്ത്രീയ മാലിന്യ സംസ്കരണ രിതികൾ നേരത്തെ മുതൽ തുടങ്ങിവച്ച ഡിവിഷനാണ് രവിപുരം. കൗൺസിലർ ശശികലയുടെ നേതൃത്വത്തിൽ സർവ്വശുദ്ധി രവിപുരം എന്ന പദ്ധതിക്ക് തുടക്കം കുറിക്കുകയും, പദ്ധതിയുടെ ഭാഗമായി കഴിഞ്ഞയാഴ്ച ഡിവിഷനിലെ വീടുകളിൽ രണ്ടായിരം രൂപ വിലവരുന്ന ബയോബിന്നുകൾ സൗജന്യമായി വിതരണം നടത്തുകയും ചെയ്തിരുന്നു. ഈ ബയോബിന്നുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് കൗൺസിലർക്കൊപ്പം മേയറും പ്രദേശത്തെ വീടുകൾ സന്ദർശിച്ചു. നഗര മധ്യത്തിലെ ഡിവിഷനാണെങ്കിലും മാലിന്യത്തിൽ നിന്നുത്പാദിപ്പിച്ച ജൈവ വളം ഉപയോഗിച്ച് കൃഷിചെയ്ത് സ്വന്തം പുരയിടത്തിൽ വിളവെടുത്ത മുരിങ്ങക്ക നൽകിയാണ് വളഞ്ഞമ്പലം വില്ലാസ് ലൈനിൽ അച്ചാമ്മാ ജോർജ്ജ് മേയറെ സ്വീകരിച്ചത്. ഏപ്രിൽ മാസത്തിൽ തന്നെ രവിപുരം ഡിവിഷനിലെ വീടുകളിൽ പൂർണ്ണമായും ബയോബിന്നുകൾ നൽകാനാണ് ശ്രമിക്കുന്നത്. ഉറവിട മാലിന്യ സംസ്കരണം നഗരത്തിലെമ്പാടും നടപ്പാക്കുവാനാണ് നഗരസഭ ലക്ഷ്യം വയ്ക്കുന്നത്. കൊച്ചിയിൽ ഈ പ്രവർത്തനങ്ങളുടെ മാതൃകാ ഡിവിഷനായാണ് രവിപുരത്തെ ശുചിത്വമിഷനും നഗരസഭയും കാണുന്നതെന്നും മേയർ പറഞ്ഞു.



# മികച്ച ആയിരം സംരംഭങ്ങളെ നൂറ് കോടി വിറ്റുവരവുള്ള കമ്പനിയാക്കും:മന്ത്രി പി.രാജീവ്

- കഴിഞ്ഞ സാമ്പത്തിക വർഷം 139815 സംരംഭങ്ങളാണ് കേരളത്തിൽ ആരംഭിച്ചത്
- 35 ശതമാനം വനിതാ സംരംഭകരാണ് പുതുതായി രംഗത്തെത്തിയത്

**കൊച്ചി:** മിഷൻ 1000 പദ്ധതിയിലൂടെ മികച്ച 1000 എം. എസ്. എം. ഇ സംരംഭങ്ങളെ നൂറ് കോടി വിറ്റുവരവുള്ള കമ്പനിയാക്കി മാറ്റാനാണ് സർക്കാർ ലക്ഷ്യമെന്ന് മന്ത്രി.പി.രാജീവ് പറഞ്ഞു.സംസ്ഥാന വ്യവസായ വകുപ്പുമായി ചേർന്ന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ ( ഐ.സി.എ.ഐ)യുമായി ചേർന്ന് സംഘടിപ്പിച്ച എം.എസ്.എം.ഇ. ഉച്ചകോടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.എല്ലാവരും കൂടി ഒത്തുപിടിച്ചാൽ അതിവേഗത്തിൽ കേരളത്തിലെ വ്യവസായിക രംഗത്തെ മാറ്റാം.കഴിഞ്ഞ സാമ്പത്തിക വർഷം 139815 സംരംഭങ്ങളാണ് കേരളത്തിൽ ആരംഭിച്ചത്. ഇതിലൂടെ 8417 കോടിയുടെ നിക്ഷേപം ഉറപ്പാക്കുകയും 2,99,943 പേർക്ക് തൊഴിൽ ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. 35 ശതമാനം വനിതാ സംരംഭകരാണ് പുതുതായി രംഗത്തെത്തിയത്. മികച്ച വിദ്യാഭ്യാസ യോഗ്യതയുള്ള വീട്ടമ്മമാരുള്ള സംസ്ഥാനമാണ് കേരളം. സർക്കാറിന്റെ പുതിയ വ്യവസായ നയത്തിലൂടെ സംരംഭകത്വ രംഗത്തേക്ക് വനിതകളെ എത്തിക്കാൻ കഴിഞ്ഞുവെന്നും മന്ത്രി പറഞ്ഞു.സംരംഭങ്ങളുടെ നടത്തിപ്പ് സുഗമമാക്കുന്നതിനായി നിരവധി പരിപാടികളാണ് സർക്കാർ ആസൂത്രണം ചെയ്തിരിക്കുന്നത്.കേരളത്തിൽ വ്യവസായം വളരാൻ ഏറ്റവും സഹകരിക്കേണ്ടത് പഞ്ചായത്തുകളും ബാങ്കുകളുമാണ്. ഇതിന്റെ ഭാഗമായി സംരംഭം ആരംഭിക്കുന്നതിനുള്ള മൂലധനം, ലൈസൻസ് തുടങ്ങിയ കാര്യങ്ങൾ വേഗത്തിലാക്കാൻ നടപടി സ്വീകരിച്ചു. ബോധവൽക്കരണ പരിപാടികളും ലോൺ മേളകളും സംഘടിപ്പിച്ചു. ഇതിനായി 1153 ഇന്റേണുകളെ സംസ്ഥാനത്തിന്റെ വിവിധ പഞ്ചായത്തുകൾ, നഗരസഭകൾ എന്നിവിടങ്ങളിലായി നിയോഗിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.കേരള സംസ്ഥാന വ്യവസായ വകുപ്പും ഐ.സി.എ.ഐ യും എം.എസ്.എം.ഇ. സേവനങ്ങൾ വിപുലീകരിക്കുന്നതിനുള്ള ധാരണപത്രം ചടങ്ങിൽ കൈമാറി.പരിപാടിയിൽ ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് ആന്റ് കൊമേഴ്സ് ജോയിന്റ് ഡയറക്ടർ ജി രാജീവ് , കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപറേഷൻ എം. ഡി എസ്. ഹരികിഷോർ , സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി കൺവീനറും കാനറ ബാങ്ക് കേരള ഹെഡുമായ എസ് പ്രേം കുമാർ, ചാർട്ടേർഡ് അക്കൗണ്ടന്റുമാരായ പി എം വീരമണി, ദീപക് ഗുപ്ത എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നയിച്ചു.കലൂർ ഗോകുലം കൺവെൻഷൻ സെന്ററിൽ സംഘടിപ്പിച്ച പരിപാടിയിൽ കേരള സർക്കാർ ഇൻഡസ്ട്രീസ് ആന്റ് നോർക്ക പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ല, ഇൻഡസ്ട്രീസ് ആന്റ് ജനറൽ എജുക്കേഷൻ പ്രിൻസിപ്പൽ സെക്രട്ടറി മുഹമ്മദ് ഹനീഷ്, ഐ.സി.എ.ഐ. എം.എസ്.എം.ഇ. ആൻഡ് സ്റ്റാർട്ടപ്പ് കമ്മിറ്റി ചെയർമാൻ ധീരജ് കുമാർ ഖണ്ഡേൽവാൽ, വൈസ് ചെയർമാൻ രാജ് ചൗള, ഐ.സി.എ.ഐ. ദക്ഷിണേന്ത്യൻ കൗൺസിൽ ചെയർമാൻ എസ് പന്നാരാജ്, പ്രോഗ്രാം കൺവീനർ ബാബു എബ്രഹാം കള്ളിവായലിൽ, ജോയിന്റ് കൺവീനർ ദീപ വർഗീസ് എന്നിവർ സംസാരിച്ചു.



## മസ്റ്ററിംഗ് നടത്തണം

**കൊച്ചി:** കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും കയർ പെൻഷൻ വാങ്ങി വരുന്ന മുഴുവൻ പെൻഷൻ ഗുണഭോക്താക്കളും തുടർന്നുള്ള പെൻഷൻ ലഭിക്കുന്നതിനായി അക്ഷയ കേന്ദ്രങ്ങൾ മുഖേന മസ്റ്റർ ചെയ്യേണ്ടതാണ്. ഏപ്രിൽ ഒന്നു മുതൽ ജൂൺ 30 വരെയാണ് ഇതിനായി സമയം അനുവദിച്ചിരിക്കുന്നത്. പെൻഷൻകാർ ആധാർ കാർഡും, പെൻഷൻ രേഖകളുമായി അക്ഷയ കേന്ദ്രങ്ങളിൽ ഹാജരായി പെൻഷൻ മസ്റ്ററിംഗ് നടത്തേണ്ടതാണ്. ശാരീരിക ബുദ്ധിമുട്ടുള്ളവർക്ക് ഹോം മസ്റ്ററിംഗിന് ബന്ധപ്പെട്ട അക്ഷയ കേന്ദ്രങ്ങളിൽ അപേക്ഷ നൽകിയാൽ സൗകര്യം അക്ഷയ കേന്ദ്രം മുഖേന ലഭിക്കുന്നതാണ്.ഏതെങ്കിലും കാരണത്താൽ മസ്റ്റർ പരാജയപ്പെടുന്നവർ 30 ദിവസത്തിനകം അക്ഷയകേന്ദ്രത്തിൽ നിന്നുള്ള മസ്റ്റർ ഫെയിൽ റിപ്പോർട്ടും, ഗസറ്റഡ് ഓഫീസറിൽ നിന്നുള്ള ലൈഫ് സർട്ടിഫിക്കറ്റും സഹിതം ക്ഷേമനിധി ബോർഡിന്റെ വടക്കൻ പറവൂർ ഓഫീസിൽ അപേക്ഷ സമർപ്പിച്ച് മസ്റ്ററിംഗ് നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.ആധാർ ഇല്ലാത്ത പെൻഷൻകാർ, ജൂൺ 30നകം ഗസറ്റഡ് ഓഫീസറിൽ നിന്നുള്ള ലൈഫ് സർട്ടിഫിക്കറ്റ് വാങ്ങി ആധാർ എടുത്തിട്ടില്ലെന്ന സത്യവാങ്ങ് മൂലം ക്ഷേമനിധി ബോർഡിന്റെ ഓഫീസിൽ ഹാജരാക്കേണ്ടതുമാണ്. പെൻഷൻ ഗുണഭോക്താക്കൾക്ക് തുടർന്നുള്ള പെൻഷൻ ലഭിക്കുന്നതിന് മസ്റ്ററിംഗ് നിർബന്ധമാക്കിയിട്ടുള്ളതിനാൽ എല്ലാ പെൻഷൻ ഗുണഭോക്താക്കളും ജൂൺ 30ന് മുൻപായി മസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

# പാഴ് വസ്തുക്കളിൽ 'ആരാധനാലയം' തീർത്ത് ബിനാലെയിൽ അർച്ചന ഹാൻഡെ

**കൊച്ചി:** ബെംഗളൂരുവിൽ നിന്നുള്ള ആർട്ടിസ്റ്റ് അർച്ചന ഹാൻഡെയുടെ 'മൈ കൊട്ടിഗെ' ഭൂതസ്ഥാനം എന്ന പ്രതിഷ്ഠാപനം (ഇൻസ്റ്റലേഷൻ) പ്രദർശിപ്പിച്ച ഫോർട്ട്കൊച്ചി ആസ്പിൻവാൾ ഹൗസിലെ മുറിയിലേക്ക് പ്രേക്ഷകർക്ക് നേരിട്ടു പ്രവേശനമില്ല. മുറിയുടെ വിവിധഭാഗങ്ങളിലെ കുഴലുകളും കിളിവാതിലുകളും ജാലകങ്ങങ്ങളുമാണ് കലാവിഷ്കാരത്തിലേക്ക് പ്രേക്ഷകരുടെ കാഴ്ചയെ കൂട്ടിക്കൊണ്ടുപോകുക. ഇവയിലൂടെ നോക്കുമ്പോൾ കുറെ ആക്രി വസ്തുക്കൾ അവയിൽ അടുക്കളയിൽ ഉപയോഗിച്ച കത്തി, കയിൽ മുതലായവയും ഷവലും മണ്ണുകോരിയും ഈസ്തിരിപ്പെട്ടിയുമൊക്കെയുണ്ട് പ്രത്യേക ക്രമത്തിൽ ആകർഷകമായി ശില്പഭംഗിയോടെ വിന്യസിച്ചിരിക്കുന്നത് കാണാം. നിത്യജീവിതത്തിൽ ഒഴിവാക്കിയ വസ്തുക്കൾ ഉപയോഗിച്ച് ഈ കലാവിഷ്കാരം ഒരുക്കാൻ അർച്ചന ഹാൻഡെയ്ക്ക് പ്രചോദനമായത് തന്റെ മുത്തശ്ശി പറഞ്ഞുകേട്ട 'കാലു കുഡ്ക' എല്ലാ ദോഷങ്ങളിലും തിന്മകളിലും നിന്ന് നമ്മെ രക്ഷിക്കും' എന്ന വാചകമാണ്. മദ്യപിക്കുന്ന ഭൂതം എന്നാണ് കാലു കുഡ്കയുടെ ശരിയായ അർത്ഥം. ആർട്ടിസ്റ്റ് സ്നേഹത്തോടെ കെ കെ എന്ന് വിളിപ്പേരിട്ട സ്വകാര്യ ദേവതക്ക് ആരാധനാലയങ്ങൾ അഥവാ ഭൂതസ്ഥാനങ്ങൾ ഉണ്ട്. അതാണ് അർച്ചനയുടെ കലാസൃഷ്ടിയുടെ ഒരു ഘടകം. മറ്റൊന്ന്, കരിങ്കണ്ണിനെ കുറിച്ചുള്ള സൂചനയാണ്. തെന്നിന്ത്യയിൽ കരിങ്കണ്ണ് കിട്ടാതിരിക്കാൻ എന്ന പേരിൽ വസ്തുവിദ്യയിൽ അവലംബിക്കുന്ന ചില മുറകളുണ്ട്. സുഷിരങ്ങളുള്ള ഷീറ്റുകൾ ജാലികകൾ ഉപയോഗിച്ച് കാഴ്ചയുടെ തുടർച്ച തടസ്സപ്പെടുത്തും. പിന്നെ രഹസ്യമായി മാത്രം എത്തിനോക്കാൻ ഝരോഖ കല്ലുജാലക വാതിലുകളും മറഞ്ഞുനിൽക്കാൻ തൂണുകളും സ്ഥാപിക്കും. ഭൂതസ്ഥാനവും കരിങ്കണ്ണ് തടയാനുള്ള ക്രമീകരണങ്ങളും ഉൾച്ചേർന്ന 'മൈ കൊട്ടിഗെ' എന്ന ഇൻസ്റ്റലേഷനിലൂടെ പുതു നാഗരിക ഭൂതസ്ഥാനം ആരാധനാലയമാണ് ഒരുക്കിയിട്ടുള്ളതെന്ന് അർച്ചന ഹാൻഡെ പറഞ്ഞു. 'സമകാലീന സമൂഹത്തിലെ വർഗ, ജാതി, ലിംഗ സംഘർഷങ്ങളുടെ കരിങ്കണ്ണിൽ നിന്ന് ചുറ്റുപാടുകളെ സംരക്ഷിക്കുന്ന ഭൂതസ്ഥാനം ആരാധനാലയമാണ് വിഭാവനം ചെയ്യുന്നത്. അധ്വാനിക്കുന്ന വിഭാഗങ്ങളുടെ തൊഴിലിടങ്ങളിൽ നിന്നുള്ളവയാണ് നിരാകരിക്കപ്പെട്ട പഴകിയ ഇരുമ്പ് സാമഗ്രികൾ. അവ മേൽക്കോയ്മകളെയും കടുംപിടുത്തങ്ങളേയും കുറിച്ച് സംസാരിക്കുന്നു. നിരാകരണവും ഉപേക്ഷയും തിരസ്കരണവും ഇക്കാലത്തെക്കുറിച്ച് പറയുന്നു. മയമില്ലാത്തവയെങ്കിലും പോയകാലത്തിന്റെ ഓർമ്മകൾ പേറുന്ന ഇരുമ്പ് വസ്തുക്കൾ ഇപ്പോൾ തുരുമ്പെടുത്തിരിക്കുന്നുവെന്നതെല്ലാം അർത്ഥതലങ്ങൾ ഉൾക്കൊള്ളുന്നു. ഇതെല്ലാം തിരിച്ചറിഞ്ഞുള്ള മികച്ച പ്രതികരണമാണ് പ്രദർശനം കണ്ടവരിൽ നിന്ന് ലഭിക്കുന്നതെന്നും അർച്ചന ഹാൻഡെ വിശദീകരിച്ചു.



LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663